
സഹനപുഷ്പം

# സഹനപുഷ്പം

(സി. സ്റ്റെല്ല എസ്.ജെ.സി.)

# *Sahanapushpam*

Editor : Sr. Josy S J C

Published by : St. Joseph's Congregation

Printed at : R C H Press Kaipuzha

Copy right :Superior General
St. Joseph's Generalate
S H Mount P O ,
Kottayam, 686006,
Kerala

Rs. 35/-



# സന്ദേശം

സഭാ ചരിത്രം പഠിക്കുമ്പോൾ നിരവധി രക്തസാക്ഷികളുടെയും വിശുദ്ധാത്മാക്കളുടെയും ജീവിതചരിത്രം മനസ്സിൽ നിറഞ്ഞു നില്ക്കും. സാധാരണ ജീവിതം അസാധാരണമാംവിധം നിർവ്വഹിക്കുന്നവരൊക്കെ വിശുദ്ധരായി മാറുന്നു. സെന്റ് ജോസഫ്സ് കന്യകാസമൂഹത്തിലെ സ്വർഗ്ഗീയ സൂനങ്ങളിലെ ബഹു. സ്റ്റെല്ലാമ്മയെക്കുറിച്ച് സ്മരണകളിൽ സൂക്ഷിക്കുന്ന ചില ഓർമ്മക്കുറിപ്പാണ് ഈ കൊച്ചു പുസ്തകം.

സഹനത്തിന്റെ തീച്ചൂളയിലും പരിഭവമില്ലാതെ ദൈവഹിതം കണ്ടെത്തി നന്മയുടെ വെളിച്ചം മറ്റുള്ളവർക്ക് പകർന്ന്കൊടുത്ത് വിളിച്ചവനോടും ദൈവജനത്തോടും സഹസഹോദരിമാരോടും വിശ്വസ്തത പുലർത്തി തന്റെ ജീവിതം അർത്ഥസംപുഷ്ടമാക്കുവാൻ ബഹു. സ്റ്റെല്ലാമ്മയ്ക്ക് സാധിച്ചിരുന്നു. ശാന്തവും വിനയാന്വിതവുമായ സമീപനങ്ങളിലൂടെ ഹൃദയനൈർമ്മല്യത്തോടെ മറ്റുള്ളവർക്കും ദൈവത്തിന്റെ സാന്നിദ്ധ്യം നിരന്തരമായി ഓർമ്മപ്പെടുത്തുവാൻ ഈ നല്ല സമർപ്പിതയ്ക്ക് കഴിഞ്ഞു. സ്വർഗ്ഗത്തിലേയ്ക്കുള്ള തീർത്ഥാടനത്തിന് സമർപ്പിതർക്കുള്ള വഴിയാണ് അമ്മ കാട്ടിത്തരുന്നത്. ലാളിത്യത്തിന്റെ പര്യായം, സഹനദാസി, ആരെയും

ആകർഷിക്കുന്ന നിഷ്ക്കളങ്കമായ പുഞ്ചിരി, മധുരമായ സംസാരം, മൃദുവായ ഭാഷണശൈലി മുതലായവ അമ്മയിൽ നിറഞ്ഞുനിന്നി രുന്നു.

ബഹു. സ്റ്റെല്ലാമ്മയെക്കുറിച്ചുള്ള സ്മരണ നിലനിർത്തുവാനും അമ്മയുടെ സഭാചൈതന്യം മാതൃകയാക്കുന്നതിനുള്ള പ്രചോദനം വരും തലമുറയ്ക്കും ലഭ്യമാക്കുവാനുതകുന്ന ഒരു ചെറു ഗ്രന്ഥം രചിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുവാൻ എസ്.ജെ.സി. തെരഞ്ഞെടുത്തത് ബഹു. ജോസിയമ്മയെയാണ്. കൂടെ ജീവിച്ചിട്ടുള്ള, ഇന്നുള്ള നമ്മുടെ സിസ്റ്റേഴ്സിൽ നിന്നും ജോസിയമ്മയുടെ തന്നെ ജീവിതാനുഭവത്തിൽ നിന്നും സമാഹ രിച്ച അനുഭവത്തിന്റെ മാധുര്യമുള്ള സ്മരണികയാണ് ഈ ഗ്രന്ഥം. അടുക്കും ചിട്ടയോടുംകൂടി ലളിതമായ ഭാഷാശൈലിയിൽ ചമത്കാ രത്തിന്റെ ആർഭാടങ്ങളില്ലാതെ കഴിയുന്നിടത്തോളം നിഷ്പക്ഷമായി അവതരിപ്പിച്ച ബഹു.ജോസിയമ്മയ്ക്ക് ഹൃദയംഗമമായ അഭി നന്ദനങ്ങൾ. ഇതൊരു കൂട്ടായ പ്രവർത്തനമായിരുന്നു. ഇതിന്റെ പൂർത്തീകരണത്തിനായി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആശ യങ്ങളും പ്രോത്സാഹനങ്ങളും ആവശ്യമായ തിരുത്തലുകളും നൽകിയ എല്ലാ സഹോദരീ സഹോദരങ്ങളെയും നന്ദിയോടെ ഓർമ്മിക്കുന്നു. പ്രത്യേകിച്ച് ഡി.റ്റി.പി.യും, പ്രിന്റിംഗും ഭംഗിയായി നിർവ്വഹിച്ച് പുസ്തകത്തെ അണിയിച്ചൊരുക്കിയ സി.സ്നേഹ യേയും കൈപ്പുഴ ആർ.സി.എച്ച്. പ്രസ്സിലെ ഓരോരുത്തരേയും പ്രശം സിക്കുന്നു.

ബഹു. സ്റ്റെല്ലാമ്മയുടെ സ്മരണ നിലനിർത്തുവാനും അമ്മ യുടെ സഭാചൈതന്യം മാതൃകയാക്കുന്നതിനുമുള്ള പ്രചോദനം എസ്.ജെ.സി. സഹോദരിമാർക്കുണ്ടാകുവാൻ ഈ ചെറുഗ്രന്ഥം ഉപ കരിക്കട്ടെ എന്ന പ്രാർത്ഥനയോടെ,

**സി. സൗമി എസ്.ജെ.സി.**
സുപ്പീരിയർ ജനറൽ
സെന്റ് ജോസഫ്സ് കോൺഗ്രിഗേഷൻ
കോട്ടയം



# നന്ദി

" **അ**ത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫല ങ്ങൾ ഇല്ലെങ്കിലും, ഒലിവു മരത്തിൽ കായ്കൾ ഇല്ലാതാ യാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും, ഞാൻ കർത്താവിൽ ആന ന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോ ഷിക്കും." (ഹബക്കുക്ക് 3:17,18) എന്ന തിരുവചനം സ്വന്ത മാക്കി, വേദനയുടെ ആധിക്യത്തിലും നിറഞ്ഞപുഞ്ചിരിയു മായി സ്വന്തം ശരീരം ഒന്നനക്കുവാൻപോലും പരസഹായ ത്തിൽ നീണ്ട വർഷങ്ങൾ കഴിച്ചുകൂട്ടിയ എസ്.ജെ.സി. യിലെ സഹനപുഷ്പമായ സ്റ്റെല്ലാമ്മയെപറ്റിയുള്ള ഈ ചെറിയ പുസ്തകം എഴുതുവാൻ ബഹുമാനപ്പെട്ട മദർ സൗമി എന്നെ ഏൽപ്പിച്ചതിൽ ഞാൻ നല്ലവനായ ദൈവത്തിന് ആദ്യമായി നന്ദി പറയുന്നു. എസ്.ജെ.സി. യിൽ, പുസ്തക ങ്ങളെഴുതി തഴമ്പിച്ച പലർ ഉണ്ടായിരുന്നിട്ടും ഈ ഉത്തര വാദിത്വം ബഹു. മദർ എന്നെ ഏൽപ്പിച്ചതിൽ ഞാൻ അതീവ സന്തുഷ്ടയാണ്. നോവലുകളും നാടകങ്ങളും കഥാപ്രസം ഗങ്ങളും എഴുതിയിട്ടുള്ള എനിക്ക് ജീവചരിത്രത്തിലേക്ക് കട ന്നപ്പോഴാണ് ഒരു ജീവചരിത്രം എഴുതുന്നതിന്റെ ബുദ്ധി മുട്ട് മനസ്സിലായത്. എങ്കിലും സ്റ്റെല്ലാമ്മയോടൊത്ത് നീണ്ട വർഷങ്ങൾ ജീവിച്ച മേരി സഹോദരിയുടെയും സ്റ്റെല്ലാമ്മ യുടെ അസുഖാരംഭം മുതൽ എല്ലാം ഗ്രഹിക്കുവാൻ കഴി യുന്ന ബർക്കുമാൻസമ്മയുടെ സന്ദർഭോചിതമായ തിരുത്ത ലുകളും ഇടപെടലുകളും സമൂഹാംഗങ്ങളുടെ പ്രോത്സാ

ഹനങ്ങളും ഈ ചെറിയ പുസ്തക രചനയിൽ എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട് എന്ന വസ്തുത നന്ദിയോടെ, സ്നേഹത്തോടെ അനുസ്മരിക്കുന്നു. അതോടൊപ്പം ഇതെഴുതുവാൻ തുടങ്ങിയ സമയം മുതൽ ഏകദേശരൂപത്തിൽ എത്തിക്കുന്നതുവരെ സ്റ്റെല്ലാമ്മയുടെ അദൃശ്യകരം എന്നെ സഹായിച്ചിരുന്നു എന്ന ഉത്തമബോദ്ധ്യവും എനിക്കുണ്ട്. സ്റ്റെല്ലാമ്മയെപ്പറ്റിയുള്ള ഒരെളിയ സംരംഭമായി മാത്രം ഈ പുസ്തകത്തെ പരിഗണിച്ചാൽ മതിയാകും എന്നാണ് എന്റെ വിനീതമായ അഭിപ്രായം. കാലത്തിന്റെ പൂർണ്ണതയിൽ തിരുസഭാ ആരാമത്തിൽ, കോട്ടയം രൂപതയിൽ, എസ്.ജെ.സി. സമൂഹത്തിൽ സ്റ്റെല്ലാമ്മ വിശുദ്ധിയുടെ പരിമളം പരത്തുന്ന ഒരു നിറപുഷ്പമായിത്തീരും എന്ന പ്രതീക്ഷയോടെ എന്നെ സഹായിച്ച് പ്രോത്സാഹിപ്പിച്ച എല്ലാവരെയും ഞാൻ നന്ദിയോടെ, സ്നേഹത്തോടെ അനുസ്മരിച്ചുകൊണ്ട് സ്ഥാപക പിതാവിന്റെ അനുഗ്രങ്ങൾ യാചിച്ചുകൊണ്ടും സമൂഹമദ്ധ്യസ്ഥന്റെ അനുഗ്രഹ കുടക്കീഴിൽ "സഹനപുഷ്പം" എന്ന ഈ ചെറുഗ്രന്ഥം ഏവർക്കുമായി അർപ്പിച്ചുകൊള്ളുന്നു.

നന്ദിയോടെ സ്നേഹത്തോടെ,

**സി. ജോസി എസ്.ജെ.സി.**

*അദ്ധ്യായം I*

# വിടരുന്ന പനിനീർ സുമം

മനോഹരമായ ഒരു പൂന്തോട്ടം കാണുമ്പോൾ ആരും തോട്ട ക്കാരനെപ്പറ്റി ചിന്തിക്കാറില്ല. എന്നാൽ തന്റെ തോട്ടത്തിലെ ഓരോ ചെടിയും എപ്പോൾ എവിടെ എങ്ങനെ നടണം, നൽകേണ്ട വളം എന്ത്, തന്റെ ചെടികളെ എങ്ങനെ വളർത്തണം, എപ്പോൾ വെട്ടി ഒരുക്കണം എന്നൊക്കെ തോട്ടക്കാരനറിയാം. അവൻ അത് യഥാ കാലം ചെയ്യുന്നു. തൽഫലമായി ആറ്റുതീരത്തു നിൽക്കുന്ന വൃക്ഷം പോലെ അവന്റെ പൂന്തോട്ടം എന്നും നയനമനോഹര മായ കാഴ്ചയായി തീരുന്നു. അതേ, പ്രപഞ്ചസ്രഷ്ടാവായ ദൈവ ത്തിന് തന്റെ ഛായയിൽ സൃഷ്ടിച്ച ഓരോ മനുഷ്യനെപ്പറ്റിയും ചില സ്വപ്നങ്ങൾ ഉണ്ട്. ചിലർ അതു മനസ്സിലാക്കി അവനോടു സഹകരിക്കുന്നു. ചിലർ മനസ്സിലാക്കിയാലും മനസ്സിലാക്കാത്ത തുപോലെ യഥേഷ്ടം മുന്നോട്ടു പോകുന്നു. ദൈവഹിതം എന്തെ ന്നറിഞ്ഞ് തനിക്കനുവദിച്ചിരിക്കുന്നിടത്തോളം കാലം ഈ ഭൂമിയിൽ ജീവിച്ച് തന്റെ സമയത്തിന്റെ പൂർണ്ണതയിൽ തന്നെ വിളി ച്ചവന്റെ അടുത്തേക്കു പോകുന്നതുവരെ, തന്നെ ഏൽപ്പിച്ചിരി ക്കുന്ന ഉത്തരവാദിത്വങ്ങൾ ചെറുതായാലും വലുതായാലും അതു പൂർത്തീകരിക്കുന്നവരെ നല്ലവർ എന്നോ മഹാത്മാക്കൾ എന്നോ നാം വിളിക്കുന്നു.


ഈശോയുടെ സ്വരം ശ്രവിച്ച് മുന്നേറുന്ന ഓരോ വ്യക്തിയെ യും ഈശോ സ്വന്തമാക്കുന്നത് പ്രത്യേക അനുഭവങ്ങളിലൂടെ വഴി

നടത്തിയാണ്. ചിലരെ ബാല്യത്തിൽ തന്നെ വിശുദ്ധിയുടെ പുണ്യ പാതയിൽ പരിശീലിപ്പിച്ച് ദൈവീക ജ്ഞാനം നിറച്ച് വളർത്തുന്നു. മറ്റു ചിലരെ ലോകത്തിന്റെ പാപങ്ങൾക്കും, മോഹങ്ങൾക്കും വിട്ടു കൊടുത്തശേഷം മുറിവുകൾ വച്ചുകെട്ടി സൗഖ്യമേകി വളർത്തുന്നു. ചിലരെ ദാരിദ്ര്യത്തിന്റെ നൊമ്പരം അനുഭവിച്ച് വളരാൻ അനുവദി ക്കുമ്പോൾ മറ്റ് ചിലരെ സമ്പത്ത് ഉപേക്ഷിക്കാൻ പഠിപ്പിക്കുന്നു. ചിലരെ ബാല്യത്തിൽ തന്നെ മാതാപിതാക്കളിൽ നിന്നും അവരുടെ മരണംമൂലം വേർതിരിക്കുന്നു. ചിലർ മാതാപിതാക്കളെ അറിവോടെ വിട്ടുപേക്ഷിച്ച് ഈശോയുടെ പിന്നാലെ പോകുന്നു.

ഈശോയുടെ സ്വന്തമായിത്തീരാൻ ആഗ്രഹിച്ച്, ഈശോയെ സ്വന്തമാക്കാൻ ആഗ്രഹിച്ച്, അതിനു വിലനൽകി എസ്.ജെ.സി. യാകുന്ന അമ്മയുടെ മടിയിലായിരുന്ന് സന്യാസത്തിന്റെ ബാലപാഠ ങ്ങൾ പഠിച്ച സ്റ്റെല്ലാമ്മയെ വീരോചിതമായ സഹനപാതയിലൂടെ കടത്തിവിട്ടാണ് ഈശോ സ്വന്തമാക്കിയത്. കുരിശിന്റെ ഓഹരി ആനന്ദത്തോടും, നന്ദിയോടും കൂടി സ്വീകരിച്ച സ്റ്റെല്ലാമ്മ എന്ന സഹനപുത്രിയുടെ ജീവിതത്തിലേയ്ക്കു ഒന്ന് എത്തിനോക്കുക യാണ് ഇവിടെ.

## ബാല്യവും കുടുംബപശ്ചാത്തലവും

കോട്ടയം ഡിസ്ട്രിക്റ്റിലെ കൈപ്പുഴ ഗ്രാമത്തിൽ കരിക്കാട്ടു പുറം തറവാട്ടിൽ ലൂക്കാ – മറിയം ദമ്പതികൾക്ക് ജനിച്ച എട്ടു മക്ക ളിൽ ആൺമക്കൾ നാലുപേരെയും ഒരു പെൺകുട്ടിയേയും ബാല്യ ത്തിൽതന്നെ തങ്ങളിൽനിന്നും മരണംമൂലം അടർത്തിയെടുത്തതിൽ മാതാപിതാക്കൾ ഏറെ ദു:ഖിതരായിരുന്നു. ഈ അവസരത്തിൽ 1937 ഫെബ്രുവരി 1–ന് കുഞ്ഞുമേരി ഭൂജാതയായി. തമ്പുരാൻ തന്ന തങ്കക്കുടത്തെ ദൈവസ്നേഹത്തിന്റെ അമൃതൊഴുകുന്ന മാമ്മോദീസാജലംകൊണ്ടു സ്നാനപ്പെടുത്തി 'മറിയം' എന്ന പേരിട്ട് വാത്സല്യംകൊണ്ട് കുഞ്ഞുമേരി എന്നു വിളിക്കുവാൻ തുടങ്ങി. ഇട വക പള്ളിയായിരുന്ന നീണ്ടൂർ സെന്റ് മൈക്കിൾസ് ദേവാലയത്തി ലായിരുന്നു കുഞ്ഞുമേരിയുടെ മാമ്മോദീസാ.



(കരിക്കാട്ടുപുറം തറവാട്)

കരിക്കാട്ടുപുറം തറവാട് നീണ്ടൂർ ഇടവകയിൽ ആയിരുന്നു എങ്കിലും ചില പ്രത്യേക സൗകര്യം പ്രമാണിച്ച് നീണ്ടൂർ ഇടവകയിൽനിന്നും ഏതാനും കുടുംബങ്ങളെക്കൂടി കൈപ്പുഴ ഇടവകയിലേക്കു മാറ്റി. അങ്ങനെ മാറ്റപ്പെട്ട കൂട്ടത്തിൽ കരിക്കാട്ടുപുറം തറവാട്ടുകാരും കൈപ്പുഴ ഇടവകയിൽ ചേർക്കപ്പെട്ടു.

കുഞ്ഞുമേരിയുടെ മൂത്ത സഹോദരി ഏലിക്കുട്ടിയെ തെക്കേക്കല്ലറ കളരിക്കൽ കുടുംബത്തിൽ വിവാഹം ചെയ്തയച്ചു. ഏലിക്കുട്ടിക്ക് രണ്ടാൺമക്കളും ഒരു മകളുമാണ് ഉള്ളത്. രണ്ടാമത്തെ ചേച്ചി അന്നമ്മയെ നീണ്ടൂർ ഇടവകയിൽ പുളിയ്ക്കക്കുഴിയിലേയ്ക്കാണ്  വിവാഹം ചെയ്ത് അയച്ചത്.

**വിദ്യാഭ്യാസം** - കൈപ്പുഴ സെന്റ് മാർഗരറ്റ്സ് യു.പി. സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും സെന്റ് ജോർജ്ജ് ഹൈസ്ക്കൂളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസവും നടത്തി എസ്.എസ്.എൽ.സി. പാസ്സായ കുഞ്ഞുമേരിയെ ഒരു ഉദ്യോഗസ്ഥ ആക്കുവാൻ മാതാപിതാക്കൾ ആഗ്രഹിച്ചു.

സ്കൂൾ ജീവിതത്തിൽ കുഞ്ഞുമേരിയെ എല്ലാവരും ഇഷ്ടപ്പെട്ടിരുന്നു. അവളുടെ സ്കൂൾ ജീവിതത്തെപ്പറ്റി ഒരദ്ധ്യാപിക പറയുന്നത് ഇപ്രകാരമാണ്: "വളരെ വിനയാന്വിതയും ശാലീനയുമായ ഒരു പെൺകുട്ടി. പഠനത്തിൽ അത്ര സമർത്ഥയല്ലായിരുന്നു. ഒരു സാധാരണ കുട്ടി. എന്നാൽ സ്വഭാവഗുണങ്ങളിൽ മേരി മുൻപന്തിയിലായിരുന്നു. പ്രത്യേക കൂട്ടുകെട്ടോ എടുത്തുചാട്ടമോ ഇല്ലാത്ത നിഷ്ക്കളങ്ക. അവളുടെ വിനീതഭാവവും സത്യസന്ധതയും എടുത്തു പറയാതിരിക്കാൻ സാദ്ധ്യമല്ല. ഒരിക്കലും ഒന്നിനെപ്പറ്റിയും പരാതിയോ പരിഭവമോ പറഞ്ഞിരുന്നില്ല. ആത്മീയ കാര്യങ്ങളിലും അവൾ മുൻപന്തിയിൽ ആയിരുന്നു."

കുഞ്ഞുമേരിയെപ്പറ്റി കൂട്ടുകാർക്ക് നല്ലതുമാത്രമേ പറയാനുണ്ടായിരുന്നുള്ളൂ. എല്ലാ വിഷയങ്ങളും പഠിക്കുവാൻ ഉത്സാഹിച്ചിരുന്നുവെങ്കിലും കണക്കു വിഷയത്തോടു കൂടുതൽ താല്പര്യം പ്രകടിപ്പിച്ചിരുന്നതായി കൂടെ പഠിച്ചവർ പറഞ്ഞിരുന്നു. ഗൃഹപാഠങ്ങൾ ചെയ്യുന്നതിലും തനിക്കറിയാവുന്ന കാര്യങ്ങൾ കൂട്ടുകാർക്ക്



(സെന്റ് മാർഗരറ്റ് യു.പി. സ്കൂൾ)

പറഞ്ഞുകൊടുക്കുന്നതിലും അവൾ ശ്രദ്ധിച്ചിരുന്നു. സന്ദർഭോചിതമായ സഹായങ്ങൾ കൂട്ടുകാർക്ക് ചെയ്തുകൊടുത്തിരുന്നു. അദ്ധ്യാപകരെ ബഹുമാനിക്കുന്നതിലും അനുസരിക്കുന്നതിലും മേരി തങ്ങൾക്കെന്നും മാതൃകയായിരുന്നു എന്നാണ് സഹപാഠികൾ പറഞ്ഞുകേട്ടിരിക്കുന്നത്.

ഈ കാലയളവിൽ കൈപ്പുഴയിൽ ദൈവദാസൻ തൊമ്മിയച്ചനാൽ സ്ഥാപിക്കപ്പെട്ട സെന്റ് തോമസ് അസൈലവും സെന്റ് ജോസഫ്സ് കന്യകാമഠവും പ്രവർത്തിച്ചുതുടങ്ങിയിരുന്നു. അഗതികളും വികലാംഗരുമായ അസൈലാംഗങ്ങൾ മേരിക്കുഞ്ഞിന്റെ മനസ്സിൽ ഇടംപിടിച്ചു.

**സഭാപ്രവേശനം -** കുഞ്ഞുമേരി പത്താം ക്ലാസ്സ് പാസ്സായ ശേഷം പിതാവുമായി കൈപ്പുഴ മഠത്തിൽ വന്ന് സഭയുടെ ആദ്യ അംഗമായ ജോസഫീനാമ്മയെ കണ്ട് സെന്റ് ജോസഫ്സ് സമൂഹത്തിൽ ചേരുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. മഠത്തിൽ ചേർന്ന കെ.എൽ. മേരി, ആസ്പിരൻസി, പോസ്റ്റുലൻസി, എന്നീ കാലഘട്ടങ്ങൾ മഠത്തിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പൂർത്തീകരിച്ചു.

**നൊവിഷ്യറ്റ്-** എസ്.ജെ.സി.യുടെ മാതൃഭവനമായ കൈപ്പുഴയിൽ സന്യാസപരിശീലനത്തിന്റെ ഏറ്റവും മാധുര്യമേറിയ കാലഘട്ടം, ഏകാന്തതയുടെയും പ്രാർത്ഥനയുടെയും മൗനത്തിന്റേതുമായ കാലം. സഭാനിയമങ്ങളിലും ചൈതന്യത്തിലും ഉൾപ്രവേശിച്ച് അതു സ്വാംശീകരിക്കുവാനും പരിശീലിക്കുവാനുമുള്ള സമയം.

ബാച്ചുകാർ അമ്മയെക്കുറിച്ച് പറയുന്നു, തീക്ഷ്ണമതിയായ ഒരു നോവിസ്, നിയമാനുഷ്ഠാനത്തിലും പ്രാർത്ഥനയിലും എളിയ ജോലികൾ ചെയ്യുന്നതിലും ഞങ്ങൾക്കു മാതൃക. ചെറിയ സഹനങ്ങൾ അനുഭവപ്പെട്ടിരുന്നെങ്കിലും അവയെല്ലാം മൗനമായി സഹിച്ചിരുന്നു. വ്യർത്ഥ ഭാഷണമോ അരിശമോ ഇല്ലായിരുന്നു.

ഞങ്ങളുടെ ഗുരു അച്ചൻ (കാമച്ചേരിൽ ഫിലിപ്പച്ചൻ) ഞങ്ങ ൾക്ക് ക്ലാസ്സെടുക്കുമ്പോൾ സ്റ്റെല്ലാമ്മ ഇടയ്ക്കൊക്കെ ഉറങ്ങുമായി രുന്നു. ഒരു ദിവസം ബഹു. അച്ചൻ തന്റെ സമീപത്ത് കസേരയിട്ട് അവിടെയിരുത്തി. അപ്പോഴും ഉറങ്ങി. അപ്പോൾ അച്ചൻ സ്റ്റെല്ലാമ്മ യുടെ കഴുത്തിൽ ഒരു മാലയണിയിച്ചു. യാതൊരു ഭാവഭേദവും പ്രകടിപ്പിക്കാതെ സന്തോഷത്തോടുകൂടി അത് സ്വീകരിച്ചു. ശാന്തതയും ക്ഷമയും സ്റ്റെല്ലാമ്മയുടെ കൈമുതലായിരുന്നു. ജോലി യുടെയും ക്ലാസ്സിന്റെയും സമയം കഴിഞ്ഞാൽ ചാപ്പലിൽ മുട്ടി ന്മേൽനിന്ന് കൈകൾ വിരിച്ചുപിടിച്ച് സമയങ്ങളോളം പ്രാർത്ഥിച്ചി രുന്നു. ഞങ്ങളുടെ എല്ലാവരുടെയും പ്രിയപ്പെട്ട കൂട്ടുകാരിയായി രുന്നു സ്റ്റെല്ലാമ്മ എന്നു പറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

അവർക്ക് ഓരോരുത്തർക്കും സി. സ്റ്റെല്ലായെപ്പറ്റി മധുരി ക്കുന്ന ഓർമ്മകൾ മാത്രമാണുള്ളത്. പരസ്നേഹത്തിൽ സി. സ്റ്റെല്ലാ യ്ക്കുണ്ടായിരുന്ന താല്പര്യം ഇന്നും അവർ നന്ദിയോടെ അനു സ്മരിക്കുന്നു. നൊവിസ് മിസ്ട്രസ് ബഹു. ജോസഫീനാമ്മയ്ക്ക് സി. സ്റ്റെല്ലായോടുണ്ടായിരുന്ന പ്രത്യേക കരുതൽ അവർ പറയുമാ യിരുന്നു. ബഹു. മോൺ. ജോസഫ് കണ്ടാരപ്പള്ളിലച്ചന്റെ പ്രോ ത്സാഹനവും സഹായങ്ങളും വിസ്മരിക്കാൻ സാധിക്കാത്തതാ ണെന്ന് സ്റ്റെല്ലാമ്മ പലപ്പോഴും പറഞ്ഞിരുന്നു. 1960 മെയ് 25-ന് സഭാവസ്ത്രസ്വീകരണവും ആദ്യവ്രതാനുഷ്ഠാനവും നടത്തി, സമു ദ്രതാരവും ഉഷകാലനക്ഷത്രവുമായ പരി. അമ്മയോടുള്ള സ്നേഹ ത്താൽ വ്രതാനുഷ്ഠാനവേളയിൽ സി. സ്റ്റെല്ല എന്ന പേരു സ്വീക രിച്ചു. സി സ്റ്റെല്ലായോടൊപ്പം വ്രതാനുഷ്ഠാനം നടത്തിയവരാണ് സി. ആൻസലം, സി. ആലീസ്, സി. വിമല, സി. റ്റെസി, സി. വിയാനി എന്നിവർ. അവർ സ്റ്റെല്ലാമ്മയെക്കുറിച്ച് പറയുന്നു: ജോസഫീനാമ്മ പഠിപ്പിച്ച “സന്യാസവൃത്തി”യും “ജീവിതം ത്യാഗവേദി” യും പഠിച്ച് സഹനം കാരിസമാക്കിയ ഈ ഉത്തമ ശിഷ്യയിലൂടെ നിർഗളിക്കുന്ന

സുവിശേഷ പരിമളം കേവലം ഒരു മുറിക്കുള്ളിലോ കബറിടത്തിലോ ഒതുങ്ങാനുള്ളതല്ല എന്ന്.

അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത് (യോഹ. 17:20).

എനിക്കുവേണ്ടി മാത്രമല്ല, ഉപദേശം ആരായുന്ന എല്ലാവർക്കും വേണ്ടിയാണ് ഞാൻ അദ്ധ്വാനിച്ചത് (പ്രഭാ. 33:18).

**പ്രേഷിത ശുശ്രൂഷയ്ക്കുള്ള ഒരുക്കം** - വ്രതാർപ്പണം നടത്തിയ വർഷംതന്നെ കോഴിക്കോട്ടുള്ള സെന്റ് വിൻസന്റ് ബേസിക് ട്രെയിനിംഗ് സ്കൂളിൽ റ്റി.റ്റി.സി.ക്ക് അഡ്മിഷൻ കിട്ടി. കോഴിക്കോട് ഇന്റർവ്യൂവിന് പോയ അവസരത്തിൽ ദൈവത്തിന്റെ ഒരു പ്രത്യേക അനുഗ്രഹം സി. സ്റ്റെല്ലായ്ക്കുണ്ടായി. ഇന്റർവ്യൂവിനു പോയപ്പോൾ ഇന്റർവ്യൂ കാർഡ് എടുക്കാൻ മറന്നുപോയിരുന്നു. സിസ്റ്റർ കോഴിക്കോടിന് പോയതിനുശേഷം മുറിയിൽ കാർഡു കണ്ടപ്പോൾ അധികാരികൾ ആദ്യം ഒന്നു പകച്ചു. എങ്കിലും ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് പ്രസ്തുത വിവരം ബഹു. കണ്ടാരപ്പള്ളിലച്ചനെ അറിയിച്ചു. അച്ചനാകട്ടെ ഇന്റർവ്യൂ നടത്തുന്ന സ്ഥലത്തേക്ക് ഒരു ടെലഗ്രാം കൊടുത്തു. ടെലഗ്രാം കിട്ടുന്ന അവസരത്തിൽ സി. സ്റ്റെല്ലാ ഇന്റർവ്യൂവിനുള്ള ക്യൂവിൽ നില്ക്കുകയായിരുന്നു. ജോസഫ് കണ്ടാരപ്പള്ളിലച്ചന്റെ ഒരു ടെലഗ്രാം ഉണ്ടെന്നുപറഞ്ഞ്, ആരാണ് സി. സ്റ്റെല്ലാ എന്നന്വേഷിച്ചു. ക്യൂവിൽ നിന്നിരുന്ന സി. സ്റ്റെല്ലാ കൈ ഉയർത്തുകയും അങ്ങനെ കാർഡ് കൊണ്ടുപോകാതെ തന്നെ ഇന്റർവ്യൂവിൽ വിജയിക്കുകയും ചെയ്തു.

ട്രെയിനിംഗ് പ്രവർത്തനനിരതമായിരുന്നു. പഠനത്തോടൊപ്പം ഇതരപ്രവർത്തനങ്ങളും, ചെറിയ തോതിൽ കൃഷിയും ചെയ്യേണ്ടിയിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽ സി. സ്റ്റെല്ലാ വളരെ പിന്നി

ലായിരുന്നതിനാൽ തിരിച്ചു പോന്നാലോ എന്നു ചിന്തിച്ചു. എന്നാൽ ഇരുസ്ഥലത്തെയും അധികാരികൾ ഇടപെട്ട് പ്രസ്തുത പ്രശ്ന ങ്ങളെല്ലാം പരിഹരിച്ച് പഠനം പൂർത്തിയാക്കി വന്ന സി. സ്റ്റെല്ലായെ കുറുമുള്ളൂർ സ്കൂളിൽ അദ്ധ്യാപികയായി നിയമിച്ചു. ശാന്തസ്വ ഭാവിയും സുശീലയുമായിരുന്ന സി. സ്റ്റെല്ലായെ എല്ലാവരും ഇഷ്ട പ്പെട്ടിരുന്നു. അന്ന് കുറുമുള്ളൂർ മഠത്തിലെ മദറും സ്കൂളിലെ ഹെഡ്മിസ്ട്രസും ആയിരുന്ന ബർക്കുമാൻസമ്മയുടെ പ്രോത്സാ ഹനം സി. സ്റ്റെല്ലായെ ഏറെ സഹായിച്ചു.



*അദ്ധ്യായം* **II**

# സമർപ്പണവഴിയിൽ വിശുദ്ധിയോടെ

**സി**സ്റ്റർ സ്റ്റെല്ലാ കുറുമുള്ളൂർ മഠത്തിൽ ബഹു. മർസലീനാമ്മയുടെ മേൽനോട്ടത്തിൽ സഹസന്യാസിനിമാരോടൊപ്പം പ്രാർത്ഥനയിലും പ്രവർത്തനത്തിലും ഏവർക്കും പ്രിയങ്കരിയായി ജീവിച്ചുപോന്നു. സമർപ്പണത്തിന്റെ ആഴങ്ങളിലേക്ക് ഉൾപ്രവേശിക്കുവാനുള്ള ആഗ്രഹത്തോടെ സിസ്റ്റർ സ്റ്റെല്ലാ അദ്ധ്യാപന രംഗത്തേക്ക് പ്രവേശിച്ചു. ക്ലാസ്സുകളിലൂടെ കൈമാറ്റപ്പെടേണ്ടത് പാഠപുസ്തകങ്ങളിലെ ആശയങ്ങൾ മാത്രമല്ല യഥാർത്ഥ ജീവിതത്തിനുള്ള മാർഗ്ഗരേഖകൾ കൂടിയാണെന്ന് സിസ്റ്റർ തിരിച്ചറിഞ്ഞിരുന്നു. ശ്രവിക്കലും, മനസ്സിലാക്കലും, സ്വാംശീകരിക്കലും, നടക്കുന്നതോടൊപ്പം ഓരോ കുട്ടിയിലും പ്രകാശിതമാകേണ്ട ആന്തരിക പ്രചോദനത്തിന്റെതലംകൂടെയുണ്ടെന്ന് മനസ്സിലാക്കി ബുദ്ധിയേയും ചിന്തയേയും ഭാവനയേയും പ്രചോദിപ്പിക്കുവാൻ തക്കവിധം പഠന പ്രക്രിയയെ ആകർഷകവും, സാർത്ഥകവുമാക്കാൻ സി. സ്റ്റെല്ലാ ശ്രമിച്ചിരുന്നു.

സമൂഹത്തിലും, സ്കൂളിലും ഏല്പിക്കപ്പെട്ട ജോലികൾ കൃത്യമായും, വിശ്വസ്തതയോടെയും ചെയ്യുന്നതോടൊപ്പം തനിക്കു വിശ്രമത്തിനായി കിട്ടിയിരുന്ന ഒഴിവുസമയങ്ങളിൽ

കണക്കിലും, ഇംഗ്ലീഷിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം പഠിപ്പിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. ഈ നല്ല മനസ്സിന് അധികാരികൾ സർവ്വ പിന്തുണയും നൽകി. ശാന്തസുന്ദരമായ  ജീവിതത്തിലൂടെ സന്യാസ സമർപ്പണത്തിൽ ആനന്ദം കണ്ടെത്തിയിരുന്നു.

**ദൈവികപദ്ധതിക്കു മുമ്പിൽ കൂപ്പുകരങ്ങളോടെ–** മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമമായ തീരുമാനം കർത്താവിന്റേതത്രേ (സുഭാ.16/1). എന്ന തിരുവചനം സി. സ്റ്റെല്ലായിൽ അന്വർത്ഥമാകാൻ കാലതാമസമുണ്ടായില്ല. ഒരു അദ്ധ്യാപിക എന്ന നിലയിൽ കുട്ടികളെ ഈശോയിലേയ്ക്കു അടുപ്പിക്കണം, മിഷൻലീഗ് പ്രവർത്തനത്തിലൂടെ കുഞ്ഞുങ്ങളിൽ ദൈവവിളിയുടെ വിത്ത് വിതറി അനേകരെ സന്യാസ സമർപ്പണത്തിലേയ്ക്കു ആകർഷിക്കണം, എന്നീ ആഗ്രഹങ്ങളോടെ ദൈവസന്നിധിയിൽ കൂപ്പുകരങ്ങളോടെ പ്രാർത്ഥിച്ചിരുന്ന സി.സ്റ്റെല്ലായിൽ നിന്നും ദൈവം ആഗ്രഹിച്ചത് മറ്റൊന്നായിരുന്നു.

തന്റെ ചിന്താധാരകളെ അധികമാരോടും പങ്കുവെയ്ക്കാതെ സക്രാരിനാഥന്റെ മുമ്പിൽ അവൾ നിരത്തി വച്ചു. ഒഴിവുകിട്ടുന്ന സമയങ്ങളിലെല്ലാം ഈശോയെ സന്ദർശിക്കുവാനും, പുഷ്പങ്ങൾ ക്രമീകരിച്ച് അൾത്താര അലങ്കരിക്കുവാനും ദത്തശ്രദ്ധയായിരുന്നു. ഏതു ജോലിയും യാതൊരു പരാതിയും ഇല്ലാതെ ദൈവമഹത്വത്തിനായി ചെയ്തു തീർക്കുന്ന സി.സ്റ്റെല്ലായ്ക്ക് അധികാരികൾ ഉത്തരവാദിത്വപ്പെട്ട ജോലികൾ ഏൽപിച്ചുകൊടുത്തു. കൂട്ടുകാരായ സിസ്റ്റേഴ്സിനും അധികാരികൾക്കും വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും പ്രിയങ്കരിയായി മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്ന സി.സ്റ്റെല്ലായ്ക്ക് ഇടയ്ക്കിടെ ശക്തിയായ തല വേദന അനുഭവപ്പെട്ടിരുന്നു. ആഴമേറിയ സമർപ്പണ വീഥിയിൽ ഇതൊരു ഭാരമായി സിസ്റ്റർ കരുതിയില്ല.  ക്രൂശിതനെ പുണരാനുള്ള ഭാഗ്യമായി കരുതി സന്തോഷിച്ചു.

**സിസ്റ്റർ സ്റ്റെല്ലാ കുരിശിന്റെ പാതയിൽ -** സി. സ്റ്റെല്ലായുടെ രോഗാരംഭത്തിന് ദൃക്സാക്ഷിയായ ബഹു. ബർക്കുമാൻസമ്മ പറയുന്നത് ഇപ്രകാരമാണ്. ഇന്നു സ്റ്റെല്ലാമ്മകെട്ടിടം എന്നറിയപ്പെടുന്ന കെട്ടിടത്തിലായിരുന്നു അന്നു ജൂണിയർ സിസ്റ്റേഴ്സ് താമസിച്ചിരുന്നത്. ആ കെട്ടിടത്തിനും സീനിയർ സിസ്റ്റേഴ്സ് താമസിച്ചിരുന്ന കെട്ടിടത്തിനും ഇടയ്ക്ക് ഒരു നടപ്പാതയുണ്ട്. രാത്രി ഒരു മണിയോടുകൂടി നടപ്പാതയിൽക്കൂടി ആരോ നടക്കുന്ന ശബ്ദവും നേരിയ രോദനവും ബർക്കുമാൻസമ്മ കേട്ടു. ജനൽ തുറന്നു നോക്കിയപ്പോൾ സി. സ്റ്റെല്ലാ രണ്ടു കയ്യും തലയിൽവച്ച് നടക്കുന്നു. പെട്ടെന്ന് കതകു തുറന്ന് സി. സ്റ്റെല്ലായോട് എന്തുപറ്റി എന്നു ചോദിച്ചപ്പോൾ "എന്റെ തല പൊട്ടിപ്പോകുന്നേ" എന്നു പറഞ്ഞ സി. സ്റ്റെല്ലായെ താങ്ങിപ്പിടിച്ച് കട്ടിലിൽ കൊണ്ടുപോയി കിടത്തി. മറ്റു സിസ്റ്റേഴ്സ് ഓടിവന്നു പ്രാഥമിക ശുശ്രൂഷകൾ നൽകി. യാതൊരു കുറവും ഇല്ലെന്നു കണ്ട് അയൽക്കാരനും മഠത്തിലെ പണിക്കാരനും സഹായിയുമായ നാരായണനെ വിളിച്ച് വാഹനം വരുത്തി പെട്ടെന്നു കാരിത്താസ് ആശുപത്രിയിലേക്കു കൊണ്ടുപോയി. ഉടനെ വേണ്ട പരിചരണങ്ങൾ കൊടുത്ത് അവിടെ അഡ്മിറ്റ് ചെയ്തു. ഇത് 1963 ആഗസ്റ്റ് 20-ന് ആയിരുന്നു. ഡോക്ടർ റോഡേയുടെ നിരന്തരമായ പരിശോധനയിലൂടെ സി.സ്റ്റെല്ല "മെനഞ്ചെറ്റിസ്" എന്ന രോഗത്തിന് അടിമ എന്നു മനസ്സിലാക്കി.

സമൂഹാംഗങ്ങൾ കൂട്ടമായി സിസ്റ്ററിനുവേണ്ടി പ്രാർത്ഥിക്കുകയും ആശുപത്രി അധികൃതർ വൈദ്യശാസ്ത്രത്തിന്റെ പരിധിക്കുള്ളിൽ ചെയ്യാവുന്നതെല്ലാം ചെയ്യുകയും ചെയ്തു. ഞെട്ടറ്റ പുഷ്പം പോലെ, തന്റെ മോഹന സ്വപ്നങ്ങളിൽ ഒന്നുപോലും പൂർത്തിയാക്കാതെ, എല്ലാം ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട്, താൻ സ്വീകരിച്ച പരിശുദ്ധ അമ്മയുടെ പേരിന് അർത്ഥം നൽകിക്കൊണ്ട്



(സഹനത്തിലും പുഞ്ചിരിയോടെ)

"ഇതാ കർത്താവിന്റെ ദാസി" എന്ന മനോഭാവത്തോടെ, 1960 ൽ ആദ്യവ്രതം ചെയ്ത ആ ഇരുപത്തിമൂന്നുകാരി, നിത്യവ്രതത്തിനു മുമ്പുതന്നെ കിടപ്പുരോഗിയായി മാറി.

നടുവിനു താഴേയ്ക്കു തളർന്നുപോയ സി. സ്റ്റെല്ലായെ പരിചരിക്കുവാൻ സമൂഹാംഗങ്ങൾ ബദ്ധശ്രദ്ധരായിരുന്നു. സ്ഥാപകപിതാവിൽനിന്നും ലഭിച്ച ദീനാനുകമ്പയിൽ വിശ്വസ്തത പുലർത്തിയ സഹോദരിമാർ സി. സ്റ്റെല്ലാ ഞങ്ങൾക്കൊരു ഭാരമല്ല, ഞങ്ങൾക്കൊരു മുത്താണ് എന്ന് വാക്കിലും പ്രവൃർത്തിയിലും വ്യക്തമാക്കിയിരുന്നു.

*അദ്ധ്യായം* **III**

# സഹനത്തിന്റെ ബലിവേദിയിൽ സിസ്റ്റർ സ്റ്റെല്ല

**ഈ**ശോയുടെ പീഡാസഹനം സ്റ്റെല്ലാമ്മയുടെ ഹൃദയത്തെ ഏറെ സ്പർശിച്ചിരുന്നു. ഈശോ ശരീരത്തിലും ആത്മാവിലും സഹിച്ചത് സ്വന്തം ശരീരത്തിലും ആത്മാവിലും സഹിക്കുന്നതു പോലുള്ള മനോഭാവമാണ് അമ്മയ്ക്കുണ്ടായിരുന്നത്. അതിന് ഉദാഹരണമാണ് അമ്മതന്നെ എഴുതിയ പാട്ടിലെ നാലുവരികൾ.

സ്നേഹാൽ ഒരു മണിക്കൂർ ഉണർന്നിരിപ്പാൻ
സ്നേഹ രാജൻ നമ്മെ ക്ഷണിച്ചിടുന്നു
പൂങ്കാവനമതിൽ നീ അനുഭവിച്ച
വേദന ഈവിധം പരിഹരിപ്പാൻ

ഒറ്റവാക്കിൽ പറഞ്ഞാൽ, വി. പൗലോസ് അപ്പസ്തോലൻ പഠിപ്പിച്ച 'കുരിശിന്റെ ഭോഷത്തം' അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കിയവളാണ് സിസ്റ്റർ സ്റ്റെല്ലാ. തന്റെ നീണ്ട 27 വർഷത്തെ ശയ്യാവലംബ ജീവിതത്തിൽ ഈ കുരിശിന്റെ ശ്രേഷ്ഠത അവൾ നന്നായി ഗ്രഹിച്ചു. വി.അപ്പസ്തോലൻ പഠിപ്പിക്കുന്നതുപോലെ നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമെന്നും, രക്ഷയിലൂടെ ചരിക്കുന്നവർക്ക് അത് ദൈവത്തിന്റെ ശക്തി എന്നും സി. സ്റ്റെല്ല തിരിച്ചറിഞ്ഞു. തന്റെ സഹനങ്ങളെല്ലാം അവൾ ദൈവസ്തുതിക്കും ആത്മാക്കളുടെ വിശുദ്ധീകരണത്തിനും സഭയുടെ ഉന്നമനത്തിനുമായി കാഴ്ചവച്ചു.



(നിത്യവ്രതവാഗ്ദാനം)

## നിത്യവ്രതവാഗ്ദാനം

ബാച്ചുകാരായ സിസ്റ്റേഴ്സിനോടൊപ്പം നിത്യവ്രതാർപ്പണം നടത്തുവാൻ അസാദ്ധ്യമായി വന്ന സി. സ്റ്റെല്ലായ്ക്ക് സന്യാസ പൂർണ്ണത ലഭിക്കുവാൻ വേണ്ടി മഠംവക ചാപ്പലിൽ നിത്യവ്രതവാഗ്ദാനം നടത്തുവാൻ അധികാരികൾ തീരുമാനിച്ചത് സ്റ്റെല്ലാമ്മയുടെ സഹനനാളുകളിലെ വെള്ളിനക്ഷത്രമായിരുന്നു. 1965 മെയ് 24 ന് ബഹു. മോൺ. ജോസഫ് കണ്ടാരപ്പള്ളിലച്ചന്റെ കാർമ്മികത്വത്തിൽ കുറുമുള്ളൂർ മഠം ചാപ്പലിൽ നിത്യവ്രതാർപ്പണം നടത്തി. അതിനായി സിസ്റ്ററിനെ കസേരയിലെടുത്തുകൊണ്ടാണ് ചാപ്പലിലേക്കു വന്നത്. ആ സുന്ദരവേളയിൽ സി. സ്റ്റെല്ല പറയുകയുണ്ടായി "നിങ്ങ

ളെല്ലാവരും തനിയെ നടന്ന് ഈശോയുടെ അടുത്തുചെന്ന് വ്രത മെടുത്തു. ഈശോ എന്നെ എടുത്തുകൊണ്ടുപോയി വ്രതമെടുപ്പിച്ചു." നോക്കണം അമ്മയ്ക്ക് ഈശോയിൽ ഉണ്ടായിരുന്ന അഗാധമായ സ്നേഹവും വിശ്വാസവും ആത്മബന്ധവും.

ക്രിസ്തുനാഥനെ മുഴുഹൃദയത്തോടെ സ്നേഹിച്ച്, ആ സ്നേഹത്തെപ്രതി ജീവിതകാലം മുഴുവൻ- കൃത്യമായി പറഞ്ഞാൽ കാരിത്താസ് ആശുപത്രിയിൽ നിന്നും ഉപേക്ഷിച്ച് കുറുമുള്ളൂർ മഠത്തിൽ വന്നെത്തിയ കാലം മുതൽ നിത്യവസതിയിലേക്ക് പറന്നുയർന്ന നിമിഷംവരെ- വേദനയുടെ സഹനക്കടലിലൂടെ നീന്തി, ആഴങ്ങളിൽ നിന്ന് സ്വർഗ്ഗീയ മുത്തുകൾ വാരി എടുത്തവളാണ് സി. സ്റ്റെല്ല. ഇതിനവളെ പ്രേരിപ്പിച്ച ശക്തിയാകട്ടെ ദൈവതിരുമനസ്സിനു പൂർണ്ണമായും കീഴ്‌വഴങ്ങുക എന്ന അനുസരണവ്രതത്തിന്റെ മന്ത്രജാലം എന്നു തന്നെ പറയാം. അതുകൊണ്ടാണല്ലോ താൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് കാലുകൾ നില്ക്കാത്തപ്പോൾ സ്വതസിദ്ധമായ നർമ്മരസത്തോടെ "ഞാൻ അനുസരണ വ്രതം എടുത്തിട്ട് എന്റെ കാലുകൾക്കൊട്ടും അനുസരണയില്ലല്ലോ" എന്നു പറഞ്ഞു പുഞ്ചിരിക്കുമായിരുന്നു.

കാരിത്താസ് ആശുപത്രിയിൽനിന്നും ഇനി വൈദ്യശാസ്ത്രത്തിന് ഒന്നും ചെയ്യുവാനില്ല എന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും തുടർച്ചയായി ചികിത്സിക്കുവാൻ സഭാധികാരികൾ ശ്രമിച്ചിരുന്നു. 1968 നവംബർ മാസത്തിൽ വയസ്ക്കര അമ്മിണി വൈദ്യനെ വരുത്തി ചികിത്സ നൽകുവാൻ അധികാരികൾ ഉത്സാഹിച്ചു. ഏതാണ്ട് അഞ്ചുവർഷം ഈ ചികിത്സ തുടർന്നതിനുശേഷം 1973 ഫെബ്രുവരി മാസത്തിൽ കുടമാളൂർ ഉള്ള ഒരു വൈദ്യനെ വരുത്തി ചികിത്സ ആരംഭിച്ചു. എങ്കിലും ഫലം കണ്ടെത്തിയില്ല.



**അദ്ധ്യായം IV**

# സ്റ്റെല്ലാമ്മയുടെ സ്വഭാവ മഹിമകൾ

## പ്രാർത്ഥനാജീവിതം

**സ്റ്റെ**ല്ലാമ്മ ഒരു സാധാരണ ക്രൈസ്തവകുടുംബത്തിലെ അംഗമായിരുന്നു. കുടുംബത്തിൽ സന്ധ്യാപ്രാർത്ഥന- പിതാവും മക്കളും അമ്മയും ചേർന്ന് നടത്തിയിരുന്നു. കുടുംബത്തിലെ അനുദിനപ്രാർത്ഥനകൾ പ്രത്യേകിച്ചും ജപമാല സ്റ്റെല്ലാമ്മയുടെ ആദ്ധ്യാത്മികജീവിതത്തിന് അടിത്തറയിട്ടു. അങ്ങനെ വീട്ടിൽനിന്നു ലഭിച്ച പ്രാർത്ഥനാചൈതന്യം സന്യാസാശ്രമത്തിൽ കിട്ടിയ പരിശീലനത്തോടെ വിടർന്ന് വികസിച്ചതിനാൽ സഹനങ്ങളുടെ മദ്ധ്യേ പുഞ്ചിരിതൂകാൻ അവളെ സഹായിച്ചു. ഏതാവശ്യത്തിലും വി.യൗസേപ്പിതാവിന്റെ 7 സന്താപസന്തോഷങ്ങളെക്കുറിച്ചുള്ള പ്രാർത്ഥന ചൊല്ലാൻ പ്രേരിപ്പിച്ചിരുന്ന ജോസഫീനാമ്മയുടെ നിർദ്ദേശങ്ങളും പ്രാർത്ഥനാജീവിതത്തിൽ, പ്രത്യേകിച്ചും വി. യൗസേപ്പിതാവിനോടുള്ള ഭക്തിയിൽ വളർന്നുവരുവാൻ സ്റ്റെല്ലാമ്മയെ വളരെ അധികം സഹായിച്ചു.

ഇന്നത്തേതുപോലെ തിരുവചനങ്ങൾ വായിക്കുന്നതിനും പഠിക്കുന്നതിനുമുള്ള സാഹചര്യം സ്റ്റെല്ലാമ്മയുടെ ചെറുപ്പകാലത്ത് കിട്ടിയിരുന്നില്ല. എങ്കിലും മഠത്തിൽ വന്നതിനുശേഷം ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും തിരുവചനങ്ങളും വായിക്കുവാനും ധ്യാനിക്കുവാനും

ഇഷ്ടംപോലെ അവസരം ലഭിക്കുകയാൽ, പ്രത്യേകിച്ചും ജ്ഞാന വായനയുടെ നേരത്തും മറ്റ് ഒഴിവു സമയത്തും തിരുവചനങ്ങൾ വായിച്ച് വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവീകപുണ്യങ്ങളിൽ വളരുവാനും സ്റ്റെല്ലാമ്മയ്ക്കു സാധിച്ചു.

തന്റെ ശോഗശയ്യയിൽ, നിരാശപ്പെടാതെ പ്രത്യാശയോടെ നീണ്ട 27 വർഷങ്ങൾ ശാന്തിയിലും സമാധാനത്തിലും സ്റ്റെല്ലാമ്മയെ നയിച്ചത് പ്രപഞ്ചോദയം മുതൽ പ്രവർത്തനനിരതനായിരുന്ന പരിശുദ്ധാരൂപിയാണെന്നു തന്നെ പറയാം. മാമ്മോദീസായിലും സ്ഥൈര്യലേപനത്തിലും സ്റ്റെല്ലാമ്മയിൽ പ്രവർത്തിച്ചു തുടങ്ങിയ പരിശുദ്ധാരൂപി അവളുടെ വ്രതാർപ്പണവേളകളിൽ കൂടുതൽ പ്രവർത്തനനിരതമായി എന്നു പറയുന്നതിൽ അതിശയോക്തിയില്ല. ഇതേ പരിശുദ്ധാരൂപി അപ്പസ്തോലന്മാരിൽ എന്നതുപോലെ സ്റ്റെല്ലാമ്മയിൽ ഈ നീണ്ട സഹനകാലങ്ങളിൽ സജീവമായി പ്രവർത്തിച്ചു എന്നും യേശുവിന് യോജിച്ച വധുവാക്കി അവളെ മാറ്റി എന്നും നമുക്കു വിശ്വസിക്കാം. രോഗാവസ്ഥയിലെ ദൈവ പരിപാലന കാണുവാൻ പരിശുദ്ധാരൂപി തന്റെ ജ്ഞാനംകൊണ്ട് സ്റ്റെല്ലാമ്മയെ നിറച്ചു.



(സ്റ്റെല്ലാമ്മ കിടന്നിരുന്ന മുറി)

**ദിവ്യകാരുണ്യഭക്തി** – "സെന്റ് ജോസഫ്സ് സമൂഹത്തിലെ സഹനപുഷ്പം" എന്ന് വിളിക്കപ്പെടാവുന്ന സ്റ്റെല്ലാമ്മയുടെ ജീവിതം ദിവ്യകാരുണ്യനാഥനിലും പരിശുദ്ധ അമ്മയിലും കേന്ദ്രീകൃതമായ ഒന്നായിരുന്നു. പരിശുദ്ധ അമ്മയോടൊപ്പം മിശിഹായുടെ മുഖം ധ്യാനിച്ച് മിശിഹായിൽ വിലയം പ്രാപിക്കാനായി തന്റെ രോഗാവസ്ഥയെ അവൾ ഉപയോഗപ്പെടുത്തി. രോഗം ആരോഗ്യത്തെ ദുർബലപ്പെടുത്തിയപ്പോഴും അനുദിനം ലഭിക്കുന്ന ദിവ്യകാരുണ്യ സ്വീകരണം ശക്തികേന്ദ്രമായിരുന്നു. ഇവിടെയും സ്റ്റെല്ലാമ്മയിലെ നർമ്മരസം പറയുന്നുണ്ടായിരിക്കും. "എല്ലാവരും ഈശോയെ പള്ളിയിൽ ചെന്നു സ്വീകരിക്കുമ്പോൾ, ഈശോ എന്റെ അടുത്തേക്കു വന്ന് എന്നെ സ്വീകാര്യയോഗ്യയാക്കി മാറ്റുന്നു" എന്ന്. ഭാരതത്തിലെ പ്രത്യേകിച്ചും കേരളത്തിലെ ആദ്ധ്യാത്മിക വളക്കൂറുള്ള മണ്ണിൽ ജനിച്ച സ്റ്റെല്ലാമ്മ ഒരർത്ഥത്തിൽ ഭാരതീയ ആദ്ധ്യാത്മികതയുടെയും കാതലായ അന്തരംഗവിശുദ്ധിയുടെയും മൂർത്തരൂപമായിരുന്നു. ദിവ്യകാരുണ്യനാഥനുമായി വ്യക്തിപരമായി തന്നെ അവൾ ബന്ധപ്പെട്ടിരുന്നു. ചാപ്പലിലോ പള്ളിയിലോ പോകാൻ സാധിക്കാത്ത ആ സന്യാസിനി, സെന്റ് തോമസ് കോൺവെന്റിലെ ദീനപ്പുരയിൽ കിടന്നുകൊണ്ട് സക്രാരിനാഥനുമായി സ്നേഹബന്ധം പുലർത്തിയിരുന്നു. പരിശുദ്ധ അമ്മയുടെ ജപമാല മണികൾക്കിടയിൽ അവൾ തന്റെ നാഥനെ ദർശിച്ചു.

**ദൈവസ്നേഹം:** വിശുദ്ധ ജീവിതത്തെ പ്രോജ്വലിപ്പിച്ച പ്രധാനപ്പെട്ട സവിശേഷതയായിരുന്നു അമ്മയുടെ ഹൃദയത്തിൽ ജ്വലിച്ചിരുന്ന ദൈവസ്നേഹം. മണവാട്ടിക്ക് മണവാളനോടുള്ള സ്നേഹം. ഈ ജ്വലനം അതിന്റെ ആഴത്തിലും അർത്ഥത്തിലും ജീവിച്ച സി. സ്റ്റെല്ല തന്റെ പ്രിയനോടൊത്ത് ഏറെ സമയം ചെലവഴിച്ചിരുന്നു എത്ര സമയം പ്രാർത്ഥിച്ചാലും ഒരു മടുപ്പുമില്ല. അവിഭക്ത ഹൃദയത്തോടെ തന്റെ മണവാളനെ സ്നേഹിച്ചിരുന്ന സ്റ്റെല്ലാമ്മ പറയുമായിരുന്നു ഏതു കാര്യവും ചെയ്യുന്നതിനു മുമ്പ് നമ്മുടെ മണവാളനായ ഈശോയോട് ചോദിക്കണമെന്ന്.

എന്തു കണ്ടാലും കേട്ടാലും അതിലെല്ലാം ദൈവിക ചിന്ത പുലർത്തുവാൻ സ്റ്റെല്ലാമ്മയ്ക്ക് കഴിഞ്ഞിരുന്നു. ദൈവത്തെ ആഴത്തിൽ അനുഭവിച്ച സ്റ്റെല്ലാമ്മ അന്തരാത്മാവിൽ വസിക്കുന്ന ആത്മനാഥനുമായി തീവ്രമായ സ്നേഹബന്ധത്തിലായിരുന്നു എന്നതിന്റെ തെളിവാണ് സിസ്റ്ററിൽ പ്രകടമായിരുന്ന സമാധാനവും ശാന്തിയും മധുരമായ സംസാരവും. എസ്.ജെ.സി. യിലെ ഏകാന്തത വെറും മൗനമല്ല, യേശുനാഥനുമായുള്ള ഐക്യത്തിന്റെ നിർവൃതിയാണെന്ന് സ്റ്റെല്ലാമ്മ അനുഭവിച്ചറിഞ്ഞു. അതാണ് കണ്ടുമുട്ടിയവർക്കെല്ലാം സ്റ്റെല്ലാമ്മ സന്തോഷത്തോടെ പങ്കുവച്ചിരുന്നത്.

**അനുകമ്പ :-** ബാല്യകാലത്ത് മാതാപിതാക്കളിൽനിന്നും സ്വസഹോദരികളിൽനിന്നും അനുകമ്പാർദ്രസ്നേഹം കണ്ടും അനുഭവിച്ചും അറിഞ്ഞും മഠത്തിൽ വന്നപ്പോൾ അവളിലുണ്ടായിരുന്ന ഈ അനുകമ്പ അതിലേറെ മിന്നി പ്രകാശിച്ചു. പരിശീലന കാലഘട്ടത്തിൽ കാഴ്ചയില്ലാത്ത അമ്മാമ്മയെ പരിചരിച്ചപ്പോഴും, വടിയുടെ സഹായത്തോടെ നടന്നിരുന്ന കൊച്ചേലി ചേച്ചി, ജോസമ്മ, യോഹന്നാമ്മ, ആഗസ്തീനാമ്മ, ബനീഞ്ഞാമ്മ എന്നിവർക്ക് സ്നേഹശുശ്രൂഷകൾ ചെയ്ത പരിശീലനകാലഘട്ടത്തിലും ഈ സ്നേഹം കോട്ടം കൂടാതെ ഒഴുക്കിയിരുന്നു. ദൈവസ്നേഹത്തിന്റെ കവിഞ്ഞൊഴുക്കാണല്ലോ സഹോദരസ്നേഹം, എളിയവരായ മക്കൾക്കു ചെയ്ത ഓരോ ശുശ്രൂഷയിലൂടെയും തന്റെ ഉള്ളിൽ തളംകെട്ടിനിന്നിരുന്ന ദൈവസ്നേഹത്തിന്റെ കതിരൊളികൾതന്നെയായിരുന്നു അവൾ പ്രദർശിപ്പിച്ചത്. ഈ മാനുഷികത സ്റ്റെല്ലാമ്മയ്ക്ക് കുടുംബപശ്ചാത്തലത്തിൽനിന്നും ലഭിച്ചതാണ് എന്നു പറയാം. പിതാവിന്റെ അദ്ധ്വാനശീലവും കുടുംബത്തിലെ വരവറിഞ്ഞ് ചെലവുചുരുക്കിയിരുന്ന മാതാവിന്റെ പെരുമാറ്റശൈലിയും ഇളയവളായ തന്നോടു സഹോദരികൾ കാണിച്ച സ്നേഹവായ്പും അനുകമ്പയുള്ള ഒരു ഹൃദയം അവൾക്കു നൽകി.



**പ്രസന്നത –** രോഗത്തിന്റെ കഠിനമായ വേദനകൾക്കിടയിലും പ്രസാദം വഴിഞ്ഞൊഴുകുന്ന മുഖവും സൗമ്യത നിഴലിക്കുന്ന നോട്ടവും സംസാരവും സ്റ്റെല്ലാമ്മയുടെ മുഖമുദ്ര ആയിരുന്നു. ഇതിനാൽ തന്നെ ദൈവസ്നേഹത്തിൽ വേരൂന്നി, പരസ്നേഹത്തിന്റെ പൂ പുഞ്ചിരിയിൽ സൗമ്യതയുടെ നിറമാല്യമായി "എല്ലാം ഈശോയ്ക്കുവേണ്ടി" എന്ന ഏകചിന്തയോടെ ഈ ചെറുവാക്യം മറ്റുള്ളവരോടും പറഞ്ഞുകൊണ്ട് സ്റ്റെല്ലാമ്മ മുന്നോട്ടുനീങ്ങിയിരുന്നു.

**ശിശുഭാവം –** "നിങ്ങൾ ശിശുക്കളെപ്പോലെ നിഷ്ക്കളങ്കരായിരിക്കുവിൻ" എന്ന യേശുവചനങ്ങൾ സ്റ്റെല്ലാമ്മ നെഞ്ചിലേറ്റി ജീവിച്ചിരുന്നു. തന്നിൽ തന്നെ ഒരു ശിശുവിന്റേതായ മനോഭാവം അവൾ ആദ്യമായി കരസ്ഥമാക്കി. ഇതോടൊപ്പം കൊച്ചുകുട്ടികളെ സ്റ്റെല്ലാമ്മയ്ക്ക് വളരെ ഇഷ്ടമായിരുന്നു. സെന്റ് തോമസ് യു. പി. സ്കൂളിലെ ഒന്നിലും, രണ്ടിലും പഠിക്കുന്ന കൊച്ചുകുട്ടികൾ ഇടവേളകളിൽ സ്റ്റെല്ലാമ്മയുടെ അടുക്കലേക്ക് ഓടിയിരുന്നു. സ്റ്റെല്ലാമ്മ അവർക്ക് ചെറിയ ചെറിയ സുകൃതജപങ്ങളും കൊച്ചുകഥകളും പറഞ്ഞു കൊടുക്കുകയും ചെയ്തിരുന്നു. തനിക്കു കിട്ടിയിരുന്ന

മിഠായികൾ ഒരു ചില്ലുകുപ്പിയിൽ സൂക്ഷിച്ച് ബാലികാഭവനിലെ കുട്ടികൾക്ക് കൊടുക്കുവാനും അമ്മ ഉത്സാഹിച്ചിരുന്നു.

**പങ്കുവയ്ക്കൽ** – സഭയിലെ അംഗങ്ങൾക്ക് പരസ്പരം ഉണ്ടായിരിക്കേണ്ട വ്യക്തിബന്ധങ്ങളെപ്പറ്റിയും പങ്കുവെയ്ക്കലിനെപ്പറ്റിയും സ്റ്റെല്ലാമ്മയ്ക്ക് നല്ല കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്. തന്നെ ശുശ്രൂഷിക്കുന്നവർ, ഈ പങ്കുവെയ്ക്കലിൽ പങ്കുചേരുന്നു എന്നും അവരുടെ ശുശ്രൂഷ സ്വീകരിക്കുന്നതിലൂടെ താനും ഈ പങ്കുവെയ്ക്കലിന്റെ ഭാഗമാകുന്നുവെന്നും സ്റ്റെല്ലാമ്മ കരുതിയിരുന്നു.

**നിയമാനുഷ്ഠാനം** – രോഗി എങ്കിലും നിയമങ്ങൾ സാധിക്കുന്നവിധം അനുസരിക്കുവാൻ സ്റ്റെല്ലാമ്മ നിഷ്ഠ കാണിച്ചിരുന്നു. സ്വന്തമായ ടൈംടേബിൾ സ്റ്റെല്ലാമ്മയ്ക്ക് ഉണ്ടായിരുന്നു. അവ കൃത്യമായി പാലിക്കുവാൻ അമ്മ ശ്രദ്ധിച്ചിരുന്നു. പ്രാർത്ഥനാ സമയങ്ങളിൽ ആരെങ്കിലും വന്നാൽ ഞാൻ പ്രാർത്ഥിക്കുകയായിരുന്നു എന്ന മുഖവുരയോടെ അവരോടു സംസാരിക്കുകയും അവർ പോയിക്കഴിയുമ്പോൾ വീണ്ടും പ്രാർത്ഥന തുടരുകയും ചെയ്യുമായിരുന്നു. പരിചരിക്കാൻ വരുന്നവരുമായി സംസാരിച്ചുകൊണ്ടിരിക്കുന്ന വേളകളിൽ കൂട്ടക്രമത്തിന്റെ മണിശബ്ദം കേട്ടാൽ പറയുന്ന വിഷയം പൂർത്തിയാക്കാതെ അവരെ പറഞ്ഞുവിടുവാൻ സ്റ്റെല്ലാമ്മ പ്രത്യേകം പരിശ്രമിച്ചിരുന്നു.

**മദ്ധ്യസ്ഥപ്രാർത്ഥന** – തന്റെ രോഗത്തിന്റേതായ ക്ലേശങ്ങൾ എല്ലാം ആത്മരക്ഷക്കായി കാഴ്ചവയ്ക്കുവാനും പരിചരിക്കുന്നവരെ അതിനായി പ്രേരിപ്പിക്കാനും സ്റ്റെല്ലാമ്മ പരിശ്രമിച്ചിരുന്നു. അങ്ങനെ, ജീവിച്ചിരുന്നപ്പോൾ തന്നെ മദ്ധ്യസ്ഥപ്രാർത്ഥനയിലൂടെ സഹോദരങ്ങൾക്ക് നന്മ ചെയ്യുവാൻ സാധിക്കും എന്ന സത്യം സ്റ്റെല്ലാമ്മ തെളിയിച്ചു എങ്കിൽ, ഇന്നും സ്റ്റെല്ലാമ്മ ഇതിൽനിന്നും പിന്നോട്ടു പോകില്ല എന്ന് പലരുടെയും അനുഭവസാക്ഷ്യങ്ങളിലൂടെ നമുക്കു ഗ്രഹിക്കുവാൻ സാധിക്കും. ലീജിയൻ ഓഫ് മേരിയിലെ അംഗങ്ങളും സ്റ്റെല്ലാമ്മയെ കാണുവാനും സംസാരിക്കുവാനും വന്നിരുന്നു.

അവർക്ക് പലപ്പോഴും ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിയും അവരുടെ പ്രശ്നങ്ങളിൽ "പ്രാർത്ഥിക്കാം" എന്ന് ഉറപ്പ് കൊടുത്ത് ആശ്വസിപ്പിച്ചുമാണ് വിട്ടിരുന്നത്. അവർക്കുവേണ്ടി കൃത്യമായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

തന്റെ ശാരീരിക പീഢകൾക്കിടയിലും, ലോകത്തിന്റെയും സഭ യുടെയും സന്യാസസമൂഹത്തിന്റെയും കുറവ് യേശു സമക്ഷം സമർപ്പിച്ചുകൊണ്ട് ശക്തവും സുദൃഢവുമായ സ്വരത്തിൽ പ്രാർത്ഥി ച്ചിരുന്നു. ഈ പ്രാർത്ഥനയാണ് വേദനകൾക്കിടയിലും പുഞ്ചിരി തൂകുവാനും സംതൃപ്തി അടയുവാനും സ്റ്റെല്ലാമ്മയെ പ്രാപ്തയാ ക്കിയത്. സഹനത്തിലൂടെ ക്രിസ്തുവിന്റെ സ്നേഹം തിരിച്ചറിഞ്ഞു. തന്നെ സമീപിച്ചവർക്ക് പ്രോത്സാഹനം നൽകി. കത്തി എരിയുന്ന മെഴുകുതിരിപോലെ സ്വയം കത്തി എരിയാൻ തയ്യാറായി.

**സാഹിത്യവാസന :** - അധികമാർക്കും അറിഞ്ഞുകൂടെ ങ്കിലും അടുത്തറിഞ്ഞിട്ടുള്ളവർക്ക് സ്റ്റെല്ലാമ്മ ഒരു ചെറിയ സാഹി ത്യാരാധക ആയിരുന്നു എന്ന സത്യം ഗ്രഹിക്കുവാൻ സാധി ക്കും. സ്ഥാപകതാതനെപ്പോലെ പാട്ടുകളും കവിതകളും എഴുതു വാനും ഇമ്പമായി പാടുവാനും സ്റ്റെല്ലാമ്മയ്ക്കു കഴിഞ്ഞിരുന്നു. തിരുനാളുകൾ അടുക്കുമ്പോൾ തിരുനാളിനു കാരണഭൂതനായ വിശുദ്ധനെ സ്തുതിച്ചുകൊണ്ട് ചെറിയ ചെറിയ കവിതകൾ എഴു തുകയും സ്വയം പാടി ആസ്വദിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ കവിതകളെപ്പറ്റി അധികമാരും അറിഞ്ഞിരുന്നില്ല. സ്റ്റെല്ലാ മ്മയ്ക്ക് കൂട്ടായി കഴിഞ്ഞിരുന്ന മേരി സഹോദരിയെ ഇടയ്ക്കെല്ലാം പാടി കേൾപ്പിച്ചിരുന്നു.

**അദ്ധ്യായം V**

# സ്റ്റെല്ലാമ്മയുടെ സ്നേഹ സമൂഹാംഗങ്ങൾ

**ഒ**റ്റവാക്കിൽ പറഞ്ഞാൽ തന്റെ പേരുപോലെതന്നെ സ്റ്റെല്ലാമ്മ സെന്റ് ജോസഫ്സ് സമൂഹത്തിലെ ഒരു നക്ഷത്രം അല്ല, എസ്.ജെ.സി യിലെ ധ്രുവനക്ഷത്രം ആകണം എന്നാണ് സമൂഹാംഗങ്ങൾക്ക് ഉള്ള ഏറ്റവും സുന്ദരമായ പ്രതീക്ഷ. സമയത്തിന്റെ പൂർണ്ണതയിൽ സ്റ്റെല്ലാമ്മ സഭയിൽ വണങ്ങപ്പെടുവാൻ ഇടയാകും എന്ന് സമൂഹാംഗങ്ങൾ വിശ്വസിക്കുന്നു. സമൂഹാംഗങ്ങളോടൊപ്പം സ്റ്റെല്ലാമ്മയെ പരിചയമുള്ളവരുടെയും ചിന്ത ഇതുതന്നെയാണ്. രോഗപീഢകളാൽ വലയുന്നവർക്ക്, പ്രത്യേകിച്ചും സമർപ്പിത രോഗികൾക്ക് അവൾ ഒരത്താണിയായിത്തീരും എന്നും സമൂഹാംഗങ്ങൾ പ്രതീക്ഷിക്കുന്നു.

ജീവിക്കുന്ന ഒരു വിശുദ്ധയായി സ്റ്റെല്ലാമ്മയെ സമൂഹാംഗങ്ങൾ കരുതിയിരുന്നതുകൊണ്ട് ശുശ്രൂഷിക്കുവാൻ അവസരം കിട്ടുന്നത് വലിയൊരു ഭാഗ്യമായി സഹോദരികൾ കരുതിയിരുന്നു. കുറുമുള്ളൂർ മഠത്തിൽ വരുന്ന എസ്.ജെ.സി. സഹോദരിമാർ ചാപ്പലിൽ കയറിയതിനുശേഷം സ്റ്റെല്ലാമ്മയുടെ സമീപത്തേയ്ക്ക് ഓടിയിരുന്നതും ഈ ഒറ്റ ചിന്തകൊണ്ടുമാത്രമായിരുന്നു. “സ്റ്റെല്ലാമ്മ കട്ടിലിൽ കിടന്നുകൊണ്ട് ഈശോയെ സ്നേഹിക്കുകയായിരുന്നു” എന്ന് എല്ലാ സമൂഹാംഗങ്ങളും വിശ്വസിച്ചിരുന്നു. ശുശ്രൂഷിക്കാൻ ഏല്പി

ച്ചിരുന്നവർ ഭക്ഷണവുമായി ചെല്ലുമ്പോൾ നിറഞ്ഞ ചിരിയോടെ കട്ടിലിൽ കാലുകൾ നീട്ടി നന്ദിപൂർവ്വം ഇരിക്കുന്ന സ്റ്റെല്ലാമ്മയെ പരിചരിച്ചവർ ഇന്നും ഓർക്കുന്നു. ചെറിയ ചെറിയ സുകൃതജപങ്ങൾ സ്വയം ചൊല്ലുന്നതോടൊപ്പം തങ്ങളോടും ചൊല്ലുവാൻ സ്നേഹത്തോടെ ഉപദേശിക്കുന്ന ആ മുഖം ഇന്നും ചിലരെങ്കിലും സ്മരിക്കുന്നുണ്ടാവും. തിരിഞ്ഞുനോക്കുമ്പോൾ സ്റ്റെല്ലാമ്മ ജീവിച്ചിരുന്ന കാലഘട്ടങ്ങളിൽ കുറുമുള്ളൂർ മഠത്തിൽ വസിക്കുവാൻ അവസരം ലഭിച്ചത് ഒരു ഭാഗ്യമായി അവർ കരുതുന്നു. സഹനത്തിലൂടെ സ്വർഗ്ഗീയ നിക്ഷേപങ്ങൾ വാരിക്കൂട്ടുന്നവൾ എന്ന ചിന്ത അന്നും ചിലർക്കെങ്കിലും സ്റ്റെല്ലാമ്മയെപ്പറ്റി ഉണ്ടായിരുന്നു. കോട്ടയം അതിരൂപതയിൽ എസ്.ജെ.സി. യിലൂടെ, ദൈവം കത്തിച്ചുവെച്ച കെടാവിളക്കാണ് സ്റ്റെല്ലാമ്മ എന്ന ബോദ്ധ്യം സമൂഹാംഗങ്ങൾക്ക് അന്നും ഇന്നും ഉണ്ട്. സമൂഹത്തിലെ നീറിപ്പുകയുന്ന നിർണ്ണായക നിമിഷങ്ങളിൽ കാർമേഘങ്ങൾക്കിടയിൽ ചന്ദ്രക്കലപോലെ അഥവാ മിന്നിത്തിളങ്ങുന്ന നക്ഷത്രംപോലെ എസ്.ജെ.സി.യെ ധൈര്യപ്പെടുത്തുന്ന രണ്ടു നക്ഷത്രങ്ങളാണ് സ്ഥാപകപിതാവ് ദൈവദാസൻ തൊമ്മിയച്ചനും സ്റ്റെല്ലാമ്മയും.



സ്റ്റെല്ലാമ്മ കുറുമുള്ളൂർ മഠത്തിലെ സിസ്റ്റേഴ്സിനൊപ്പം

വിശുദ്ധിയുടെ പരിമളം തൂകി സ്വർഗ്ഗവസതിയിൽ പരിശുദ്ധരോടൊത്ത് കഴിയുന്ന സ്റ്റെല്ലാമ്മ തന്റെ സഹനവേളയിൽ തന്നെ പരിചരിച്ചവരോട് എങ്ങനെ വർത്തിച്ചിരുന്നു എന്ന് ചിന്തിക്കുന്നത് അനിവാര്യമായി തോന്നുന്നു.

എസ്.ജെ.സി. യിൽ ഏതാണ്ട് 30 വർഷത്തോളം ജീവിച്ച് കാലയവനികയിൽ മൺമറഞ്ഞ സ്റ്റെല്ലാമ്മയെപ്പറ്റിയും സമകാലികർക്ക് പ്രത്യേകിച്ചും കുറുമുള്ളൂർ മഠത്തിൽ ആ കാലയളവിൽ താമസിച്ചിരുന്നവർക്ക് പലതും പറയുവാൻ ഉണ്ടാകുക സ്വാഭാവികം മാത്രം.

സ്റ്റെല്ലാമ്മയെ പരിചരിച്ചവരിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന വ്യക്തിയാണ് മേരി സഹോദരി. സഹോദരിയുടെ വാക്കുകൾ ഇവിടെ പറയുന്നു:-

"സ്റ്റെല്ലാമ്മയോടുകൂടി ഏകദേശം 25 വർഷം ജീവിക്കാൻ എനിക്കവസരം നൽകിയ ദൈവത്തിന് ആദ്യമായി ഞാൻ നന്ദി പറയുന്നു. സ്റ്റെല്ലാമ്മ എനിക്ക് ഒരു ചേച്ചിയും മാതൃകാ സിസ്റ്ററും ആയിരുന്നു. "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും" എന്ന തിരുവചനം ഇടയ്ക്കിടെ പറയുകയും അത് ജീവിതത്തിൽ പകർത്തുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. മഠത്തിൽ വന്ന് ഉടുപ്പിട്ടിട്ട് അധികകാലം സുഖം അനുഭവിച്ചിട്ടില്ല. ഏകദേശം 27 വർഷക്കാലം കിടന്ന കിടപ്പിൽ ബെഡ്ഡിൽനിന്നും തനിയെ ഒന്ന് എഴുന്നേൽക്കാൻ വയ്യാതെ മാനസികവും ശാരീരികവുമായ വേദനകൾ സഹിച്ചു. എങ്കിലും തളരാതെ, പതറാതെ സ്വയം ദൈവതിരുമനസ്സിനു കീഴ്വഴങ്ങി. ദൈവഹിതം നിറവേറ്റുന്നതിൽ സംതൃപ്തിയും സന്തോഷവും കണ്ടെത്തി എന്നാണ് എന്റെ അഭിപ്രായം. സ്റ്റെല്ലാമ്മക്ക് എല്ലാ കാര്യങ്ങളിലും ഒരു ചിട്ട ഉണ്ടായിരുന്നു. കഴിയുന്നിടത്തോളം തന്നെ പരിചരിക്കുന്നവരെ ബുദ്ധിമുട്ടിക്കാതിരിക്കാൻ ശ്രമിച്ചിരുന്നു. ബാലികാഭവനിൽനിന്നും കുട്ടികൾ സ്റ്റെല്ലാമ്മയുടെ അടുത്തുവരുമായിരുന്നു. അവരെ ഒരുമിച്ചുകൂട്ടി

എല്ലാവർക്കുംവേണ്ടി പ്രാർത്ഥിപ്പിക്കുകയും അമ്മയുടെ കൈയ്യിൽ എന്തെങ്കിലും ഉണ്ടെങ്കിൽ അത് അവർക്ക് കൊടുക്കുകയും ചെയ്തിരുന്നു. ഫീസ്റ്റ് ദിവസങ്ങളിൽ നേരത്തെ ഓർത്ത് ഒരുങ്ങുകയും മറ്റുള്ളവരെ ഒരുക്കുകയും ചെയ്യുമായിരുന്നു. സ്റ്റെല്ലാമ്മ പറയുമായിരുന്നു "സന്യാസജീവിതം നയിക്കണം എന്നുണ്ടെങ്കിൽ മിശിഹായെപ്രതി ഭോഷനായി തീരണം", "കുരിശില്ലാതെ മുടിയില്ല", എന്തൊക്കെ ദൈവം നമുക്കു തരുന്ന കുരിശുകൾ എല്ലാം സന്തോഷത്തോടെ സ്വീകരിച്ചാലേ പ്രതിഫലമായി മുടി കിട്ടുകയുള്ളൂ. ചില ദിവസങ്ങളിൽ, ഞാൻ രാവിലെ പള്ളിയിൽ പോകാതെ സുഖമില്ലാതെ കിടപ്പുണ്ട് എന്നറിഞ്ഞാൽ കൂട്ടിരിക്കാൻ ബാലികാഭവനിൽനിന്നും വന്ന കുട്ടികളെക്കൊണ്ട് മഠത്തിൽനിന്നും എനിക്ക് കാപ്പി കൊണ്ടുവന്നു തരികയും പ്രാർത്ഥനകൾക്കിടയിൽ എന്റെ പേരുപറഞ്ഞു പ്രാർത്ഥിക്കുകയും ഇടയ്ക്ക് അവരെ വിട്ട് എനിക്ക് എന്തെങ്കിലും സഹായം ആവശ്യമുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്യുമായിരുന്നു. ഏതാവശ്യത്തിനും എന്നെയാണ് വിളിച്ചിരുന്നത്. കുറുമുള്ളൂർ മഠത്തിലും അവസാനം കൈപ്പുഴ ആശുപത്രിയിലും കിടന്ന അവസരത്തിൽ രാത്രിയിൽ ബോധമില്ലാതെയാണെങ്കിലും എന്നെയാണ് വിളിച്ചിരുന്നത്. ആദ്ധ്യാത്മിക ജീവിതത്തിൽ വളരേണ്ടതിന്, "മുന്നോട്ടാണ് ഓടുന്നതെങ്കിൽ അല്പം പുറകോട്ടു പോകേണ്ടിയിരിക്കുന്നു" എന്നു പറയുമായിരുന്നു. സ്റ്റെല്ലാമ്മയ്ക്ക് അമ്മയുടെ നാമധാരിയായ പരിശുദ്ധ അമ്മയോടും സഭാമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിനോടും വലിയ ഭക്തി ഉണ്ടായിരുന്നു. ഒഴിവു സമയങ്ങളിൽ ഞങ്ങൾ ഒരുമിച്ചിരുന്ന് ജപമാല ചൊല്ലുമായിരുന്നു. ഇടയ്ക്ക് ലുത്തിനിയ പാടി പ്രാർത്ഥിച്ചിരുന്നു. അത് അമ്മയ്ക്ക് വലിയ ഇഷ്ടം ആയിരുന്നു. സ്റ്റെല്ലാമ്മയും ഞാനുംകൂടി വർത്തമാനം പറയുന്നതിനിടയിൽ ഞാൻ പറയും "സ്റ്റെല്ലാമ്മ മരിച്ച് സ്വർഗ്ഗത്തിലേക്ക് പോകുമ്പോൾ ഞാൻ അമ്മയുടെ കാലിൽ തൂങ്ങി കിടക്കാം. അപ്പോൾ അമ്മ കാല് കുടയരുത് എന്ന്." അപ്പോൾ അമ്മ പറയും- "ഞാൻ കാല് കുടയുകയില്ല. സഹോദരിയെ കാലിൽ തൂക്കി സ്വർഗ്ഗത്തിൽ കൊണ്ടുപോകും" എന്ന്.

1975 മുതൽ മിക്ക ദിവസങ്ങളിലും സ്റ്റെല്ലാമ്മയ്ക്ക് അപസ്മാരം പിടിപെട്ടതുപോലുള്ള ചേഷ്ടകളോടെ ഒരു ബോധക്കേട് ഉണ്ടാകുമായിരുന്നു. അസ്വസ്ഥത തുടങ്ങുമ്പോഴേക്കും "ഈശോയെ" എനിക്കു പ്രയാസംവരുന്നേ എന്ന് അടുത്തുനിൽക്കുന്നവരോട് പറയുമായിരുന്നു. ഈ അസ്വസ്ഥത കൂടുതൽ ദീർഘിച്ചിരുന്ന അവസരങ്ങളിൽ ആദ്ധ്യാത്മിക പിതാവായ മഞ്ഞാക്കൽ ബ. ജയിംസ് അച്ചനെ വിളിച്ച് പ്രാർത്ഥിപ്പിച്ചിരുന്നു. ബോധക്കേടു മാറുമ്പോൾ അമ്മ പറയും ഞാൻ സഹോദരിയെ വിഷമിപ്പിച്ചു. എന്തെങ്കിലും പറഞ്ഞുപോയിട്ടുണ്ടെങ്കിൽ ക്ഷമിക്കണം എന്ന് ക്ഷമായാചനയും നടത്തിയിരുന്നു. സ്റ്റെല്ലാമ്മ രാവിലെ ഉണർന്ന് പ്രഭാതകൃത്യങ്ങൾ ചെയ്തിട്ട് പ്രഭാതപ്രാർത്ഥന ചൊല്ലിയിരുന്നു. സ്റ്റെല്ലാമ്മ ഇടയ്ക്ക് എന്നോട് പറഞ്ഞിരുന്നു: "ഡാലിയാപോലുള്ള ചെടിയിൽനിന്ന് വലിപ്പമുള്ള പൂക്കൾ കിട്ടാനുള്ള എളുപ്പവഴി ആ ചെടിയിൽ ഒരു കമ്പു മാത്രം വളരാൻ അനുവദിക്കുക. ബാക്കി എല്ലാം ചെറുപ്പത്തിലെ നശിപ്പിക്കുക. നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിലും നാമും ചെയ്യേണ്ടത് ഇങ്ങനെയാണ്. ദൈവസ്നേഹം മാത്രം നിലനിറുത്തിയിട്ട്, സ്വാർത്ഥതാൽപര്യങ്ങളെല്ലാം സമൂലം ഇല്ലായ്മ ചെയ്താൽ വലിയ ഫലം ലഭിക്കുന്നതാണ്. സ്റ്റെല്ലാമ്മ കിടപ്പുരോഗി ആയതുകൊണ്ട് വീട്ടുകാർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ട് എന്ന ചിന്ത അമ്മയിൽ എപ്പോഴുമുണ്ടായിരുന്നു.

സ്റ്റെല്ലാമ്മയോടൊത്ത് ഏതാനും വർഷങ്ങൾ താമസിക്കുവാനും ശുശ്രൂഷിക്കുവാനും സാധിച്ച സി. മാർട്ടിൻ പറയുന്നു:- "ഇതൊരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. സ്റ്റെല്ലാമ്മയെ ശുശ്രൂഷിക്കാൻ ബുദ്ധിമുട്ടു തോന്നിയിരുന്നില്ല. കാരണം ഒന്നിനെപ്പറ്റിയും അമ്മ പരാതി പറഞ്ഞിരുന്നില്ല. കിട്ടുന്നതിൽ എപ്പോഴും സംതൃപ്തി കാണിച്ചിരുന്നു. നല്ല വാക്കുകൾ എപ്പോഴും പറഞ്ഞിരുന്നു. ആഹാരത്തിൽ എപ്പോഴും അൽപ്പം മിച്ചംവച്ചിരുന്നു. അതേപ്പറ്റി ചോദിക്കുമ്പോൾ "മറ്റു ജീവികളും ജീവിക്കേണ്ടേ" എന്നു

പറയും. അമ്മ മിച്ചം വയ്ക്കുന്നത് പക്ഷികൾക്കും പട്ടിക്കും കൊടുക്കണം എന്നു പറയും. എപ്പോഴും ഒരു ചെറിയ ചിരി ഉണ്ടായിരിക്കും. ചിരി തുടങ്ങിയാൽ നിറുത്താൻ പ്രയാസമായിരുന്നു. പടങ്ങൾ മുറിയിൽ ഒട്ടിച്ചുവച്ചിരുന്നു. നല്ലിടയന്റെ വടി ചൂണ്ടിക്കാണിച്ചിട്ടു പറഞ്ഞിരുന്നു 'പാപം ചെയ്യുമ്പോൾ, നമ്മെ അടിക്കാനുള്ള വടി' എന്ന്. ആത്മീയ പിതാവിനെ വരുത്തി ഇടയ്ക്കിടെ കുമ്പസാരിച്ചിരുന്നു. ഞാൻ പാപിയാണ് എന്ന് എപ്പോഴും പറയുമായിരുന്നു. നാട്ടുകാരിൽ പലരും അമ്മയുടെ അടുത്തു വരികയും പ്രാർത്ഥിക്കണം എന്നു പറയുകയും ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

1975-ൽ കുറുമുള്ളൂർ മഠത്തിൽ സി. സ്റ്റെല്ലയോടൊത്തു താമസിച്ചിരുന്ന സി. എൽസി ടോം പറയുന്നു:- താൻ അവിടെ ഉണ്ടായിരുന്ന അവസരത്തിൽ ഒരു ആയുർവേദ ഡോക്ടറെ കൊണ്ടുവന്ന് കാണിച്ചു. എഴുന്നേൽപ്പിച്ചു നടത്താം എന്നു ഡോക്ടർ പറഞ്ഞപ്പോൾ ചികിത്സ തുടങ്ങാൻ അമ്മയും ആഗ്രഹിച്ചു. കഷായം, കുഴമ്പ്, കിഴി എന്നിവയായിരുന്നു ചികിത്സാവിധി. ഞാൻ കഷായം ഉണ്ടാക്കുവാനും മരുന്നു പറിക്കുവാനും പോകുമ്പോൾ സ്റ്റെല്ലാമ്മ എനിക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. പഥ്യം നോക്കാൻ അമ്മയ്ക്കു മടിയില്ലായിരുന്നു. പരാതിയില്ലാതെ എല്ലാം ശാന്തമായി സഹിച്ചിരുന്നു. വൈദ്യൻതന്നെ സ്റ്റീംബാത്ത് എങ്ങനെ എന്നു കാണിച്ചുതന്നു. സ്പർശനശേഷി ഇല്ലാതിരുന്നതിനാൽ അമ്മയുടെ പുറം മുഴുവൻ പൊള്ളി കുമിളച്ചു. നോക്കുവാൻപോലും വയ്യാത്ത അവസ്ഥ. എന്നാൽ അതേപ്പറ്റിയും സ്റ്റെല്ലാമ്മയ്ക്ക് പരാതിയില്ലായിരുന്നു.

ആരുതന്നെ സ്റ്റെല്ലാമ്മയെ കാണുവാൻ വന്നാലും അവരേയും കൂട്ടി പ്രാർത്ഥിക്കുമായിരുന്നു. ഭക്ഷണം വളരെ കുറച്ചു മാത്രമേ കഴിച്ചിരുന്നുള്ളൂ. അല്പസമയം പോലും അലസമായി കളഞ്ഞിരുന്നില്ല. പൂവുണ്ടാക്കൽ, കൈതയ്യൽ തുടങ്ങിയവ കട്ടിലിൽ കിടന്നു

കൊണ്ട് ചെയ്യുമായിരുന്നു. എല്ലാവർക്കുംവേണ്ടി എപ്പോഴും പ്രാർത്ഥിച്ചിരുന്നു.

സ്റ്റെല്ലാമ്മയുടെ സ്വതസിദ്ധമായ പുഞ്ചിരി ഒരിക്കൽ വരുന്ന വരെ വീണ്ടും വരുവാൻ പ്രേരിപ്പിച്ചിരുന്നു. സമീപത്ത് വരുന്ന വർക്ക് ദൈവികമായ ഒരു ചിന്ത ലഭിക്കത്തക്കവണ്ണമായിരുന്നു അമ്മയുടെ സംസാരരീതികൾ. എന്തിനും എപ്പോഴും നന്ദിയുടെ പ്രകരണങ്ങൾ ദൈവത്തോടും സഹസഹോദരികളോടും ഉണ്ടാ യിരുന്നു. അനുദിനം ദിവ്യകാരുണ്യം നല്കുവാൻ ബഹു. വികാ രിയച്ചന്മാർ വന്നിരുന്നത് നന്ദി നിറഞ്ഞ മനസ്സോടെ ഓർമ്മിച്ചിരു ന്നു. സ്റ്റെല്ലാമ്മയെ കാണുന്നതിനായി സമൂഹാംഗങ്ങൾ ഇടയ്ക്കി ടയ്ക്ക് വന്നിരുന്നു. മടങ്ങിപ്പോകുമ്പോൾ ഹൃദയത്തിൽ ഒരു സന്തോഷം അനുഭവിച്ചു പോകുന്നതായി അവർക്കനുഭവപ്പെട്ടി ട്ടുണ്ട്.



(ബാച്ചുകാരോടൊപ്പം സിൽവർ ജൂബിലി നിറവിൽ)

1968 ജൂൺ മാസം മുതൽ 1969 മെയ് മാസം വരെ കമ്മ്യൂണിറ്റി എക്സ്പീരിയൻസിനായി വന്ന സി. ജോസി പറയുന്നു:- "അന്നത്തെ ഞങ്ങളുടെ ജൂനിയർ മിസ്ട്രസ് ബഹു. അലക്സമ്മയും, മദർ സുപ്പീരിയർ ബഹു. സ്റ്റാനിയമ്മയും ആയിരുന്നു. അന്ന് ജനറാളമ്മയായിരുന്നത് ബഹു. ഫ്രാൻസീസ് അമ്മയായിരുന്നു. സി. പൗളിൻ, സി. കാതറിൻ, സി. സിസിലി, സി. ജസ്റ്റിൻ, മേരി സഹോദരിയും ഞാനും അങ്ങനെ 6 ജൂണിയർ സിസ്റ്റേഴ്സ് ഉണ്ടായിരുന്നു. എല്ലാവരും സ്ക്കൂളിലേക്ക് പോയിക്കഴിയുമ്പോൾ മഠത്തിൽ മേരി സഹോദരിയും ഞാനും മാത്രമേ സാധാരണഗതിയിൽ ഉണ്ടായിരുന്നുള്ളൂ. സ്റ്റെല്ലാമ്മയെ നോക്കാൻ ഓരോ ആഴ്ചയിലും സിസ്റ്റേഴ്സിനെ നിയോഗിച്ചിരുന്നു. എങ്കിലും ഇടവേളകളിൽ ഒന്ന് ശ്രദ്ധിക്കണമെന്ന് ബഹു. മദർ പ്രത്യേകം പറഞ്ഞിരുന്നതിനാൽ ഞാൻ ഇടയ്ക്കിടയ്ക്ക് സ്റ്റെല്ലാമ്മയുടെ അടുത്ത് പോയിരുന്നു. അന്ന് കുറുമുള്ളൂർ പള്ളി വികാരി ബഹു. ജോസഫ് തടനാകുഴിയിലച്ചനായിരുന്നു. കഴിയുന്നതും എല്ലാ ദിവസവും സ്റ്റെല്ലാമ്മയ്ക്ക് ദിവ്യകാരുണ്യം നൽകാൻ ബഹു.അച്ചൻ വരുമായിരുന്നു. അച്ചൻ വരുമ്പോൾ ചാപ്പലിൽ തിരി കത്തിക്കുവാനും സ്റ്റെല്ലാമ്മയുടെ മുറിയിൽ തിരി കത്തിക്കുവാനും എനിക്കു കൂടുതൽ അവസരങ്ങൾ കിട്ടിയിരുന്നു. അവിടെ ആ വർഷം മഠത്തിൽ ചേരുവാൻ വന്നിരുന്ന അർത്ഥിനികൾക്ക് ദിവസവും ഒരു മണിക്കൂർ ഇംഗ്ലീഷ് ക്ലാസ്സെടുക്കുവാൻ എന്നെ നിയോഗിച്ചിരുന്നു. ക്ലാസ്സെടുത്തിരുന്നത് സ്റ്റെല്ലാമ്മ കിടന്നിരുന്ന കെട്ടിടത്തിന്റെ വരാന്തയിലായിരുന്നു. ആ വർഷാവസാനം നിത്യവ്രതത്തിന്റെ ധ്യാനത്തിനായി കൈപ്പുഴയിലേക്കു പോകുന്നതിനു മുമ്പായി സ്റ്റെല്ലാമ്മയോട് യാത്ര പറയുവാൻ ചെന്നപ്പോൾ എന്നെ ഒറ്റയ്ക്ക് കണ്ടതുകൊണ്ട് അമ്മ പറഞ്ഞു "ജോസി ഇപ്പോൾ ബി.എസ്.സി. പൂർത്തിയാക്കി നിൽക്കുകയല്ലേ. ഇനി അധികാരികൾ മഠത്തിൽ ചേരാൻ വരുന്ന കുട്ടികൾക്ക് ക്ലാസ്സെടുക്കാൻ പറഞ്ഞാൽ മടിക്കാതെ ക്ലാസ്സെടുക്കണം. ഞാൻ ഇവിടെ കിടന്നു

കൊണ്ട് ജോസിയുടെ ക്ലാസുകൾ കേൾക്കുന്നുണ്ടായിരുന്നു. സ്റ്റെല്ലാമ്മയുടെ ഈ പ്രത്യേക നിർദ്ദേശം ഒരു പ്രവചനമായിട്ടാണ് ഞാനിപ്പോൾ കാണുന്നത്. കാരണം എന്റെ നിത്യവ്രതത്തിനുശേഷം എന്നെ ഓൾഡ് ഗോവായിലെ മാത്തർദേയി ഇൻസ്റ്റിറ്റ്യൂട്ടിൽ തിയോളജി പഠനത്തിനുവിട്ടതും തുടർന്ന് മൂന്നുനോവിസ് മിസ്ട്രസുമാരുടെ കീഴിൽ അസിസ്റ്റന്റ് എന്ന നിലയിൽ നോവിസസിനു ക്ലാസ്സെടുത്തതും നാല് ബാച്ചു കുട്ടികളുടെ പോസ്റ്റുലൻസ് മിസ്ട്രസ് ആയതും അവസാനം 1979–ൽ ബഹു. ലിസ്യൂ അമ്മയ്ക്കുശേഷം നോവിസ് മിസ്ട്രസ് ആയി തിരഞ്ഞെടുക്കപ്പെട്ടതുമെല്ലാം സ്റ്റെല്ലാമ്മയുടെ പ്രവചനത്തിന്റെ ഭാഗമായി ഞാൻ കാണുകയാണ്. അതുപോലെതന്നെ ഞാൻ കുറുമുള്ളൂർ ആയിരുന്ന അവസരങ്ങളിൽ സ്റ്റെല്ലാമ്മയ്ക്ക് വിവിധങ്ങളായ ശുശ്രൂഷകൾ ചെയ്തു കൊടുക്കേണ്ടിവന്നിട്ടുണ്ട്. ഒരിക്കൽപോലും അതൃപ്തിയുടെ ഒരു നേരിയ സൂചനപോലും സ്റ്റെല്ലാമ്മയിൽനിന്നും ഉണ്ടായതായി എനിക്ക് പറയുവാൻ സാധ്യമല്ല. എന്നു മാത്രവുമല്ല എന്നെപ്പറ്റിയും എന്റെ വീട്ടുകാരെപ്പറ്റിയും വിസിറ്റേഷൻ മഠത്തിലുള്ള ചേച്ചിയെപ്പറ്റിയും വളരെ ഉത്സാഹത്തോടെ അമ്മ തിരക്കിയിരുന്നു. അമ്മയ്ക്കു ചെയ്തു കൊടുക്കുന്ന എല്ലാ ശുശ്രൂഷയ്ക്കും നന്ദി നിറഞ്ഞ പുഞ്ചിരി അമ്മ സമ്മാനിക്കുമായിരുന്നു. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ ഏറ്റവും സംതൃപ്തി നിറഞ്ഞ, എത്രയും സന്തോഷവതിയായ, മറ്റുള്ളവരെ അങ്ങേയറ്റം ആദരിക്കുകയും പരിഗണിക്കുകയും ചെയ്യുന്ന നല്ല സിസ്റ്ററായിട്ടു മാത്രമേ അമ്മയെപറ്റി ചിന്തിക്കുവാൻ സാധിക്കൂ. ദൈവം പ്രത്യേകം സ്നേഹിച്ച, ഈശോയെ വ്യക്തിപരമായി സ്നേഹിച്ച, സമൂഹത്തിന്റെ ഉന്നമനത്തിനായി സഹനത്തിലൂടെയും പരിത്യാഗങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും എസ്.ജെ.സി. യിലെ ഒരുത്തമ പുത്രിയായി ഞാൻ സ്റ്റെല്ലാമ്മയെ കാണുന്നു. അമ്മ സ്വർഗ്ഗത്തിലിരുന്ന് എസ്.ജെ.സി. യെ സഹായിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.”

എസ്.ജെ.സി. യിലെ ഒരു സിസ്റ്റർ താൻ ജൂണിയർ സിസ്റ്ററായിരുന്നപ്പോൾ തനിക്കുണ്ടായ ഒരു അനുഭവം എന്നോട് പങ്കുവച്ചത്

ഞാൻ ഓർമ്മിയ്ക്കുന്നു. സ്റ്റെല്ലാമ്മയെ ശുശ്രൂഷിയ്ക്കുന്നതിന് സിസ്റ്ററിനെ നിയോഗിച്ചിരുന്ന ആഴ്ചയിൽ ഈ സിസ്റ്റർ സ്കൂളിൽ ഇൻസ്പെക്ഷൻ നടക്കുന്ന ദിവസം തിരക്കായിരുന്നതിനാൽ അമ്മയ്ക്ക് ഉച്ചഭക്ഷണം കൊടുക്കാൻ മറന്നുപോയി. 3 മണി ആയപ്പോഴാണ് ഇക്കാര്യം ഓർമ്മിച്ചത്. വിഷമത്തോടെ അമ്മയുടെ അടുത്ത് ഓടിച്ചെന്നപ്പോൾ പാത്രം അവിടെ കണ്ടില്ല. ആരെങ്കിലും അമ്മയ്ക്ക് ഭക്ഷണം കൊണ്ടുവന്ന് തന്നോ എന്ന് ചോദിച്ചപ്പോൾ സ്നേഹത്തോടെ അമ്മ ആ സഹോദരിയെ അടുത്തേയ്ക്ക് വിളിച്ച് സഹോദരി വിഷമിക്കേണ്ട, എനിക്ക് ഭക്ഷണം തന്നില്ല എന്ന് ആരും അറിയാതിരിക്കാൻ വേണ്ടി ഞാൻ പാത്രം മാറ്റിവെച്ചതാണ്. മദർ അറിഞ്ഞാൽ സഹോദരിയെ വഴക്കു പറയില്ലെ, കൊച്ചു കന്യാസ്ത്രീക്ക് ഉത്തരവാദിത്വം ഇല്ലേയെന്നു ചേദിക്കും. അതെനിക്ക് വിഷമമാണ്. സഹോദരിക്ക് തിരക്കായിരുന്നതുകൊണ്ടല്ലേ ഇന്ന് ഇങ്ങനെ സംഭവിച്ചത്. തന്നെയുമല്ല ഈ അവസരത്തെ വലിയൊരു നിധി കിട്ടിയതുപോലെ ഞാൻ സ്വീകരിച്ചു. എനിക്ക് ത്യാഗം സഹിക്കാൻ ലഭിച്ച വലിയ ഒരു അവസരമായി ഞാൻ അത് ഈശോയ്ക്കു കാഴ്ചവച്ചു. സഹോദരി ഇത് ആരോടും പറയേണ്ട എന്നും പറഞ്ഞു.

മറ്റുള്ളവരോടുള്ള അമ്മയുടെ കരുതൽ എത്രയോ വലുത്!!



**അദ്ധ്യായം VI**

# കുടുംബാംഗങ്ങളും സമർപ്പിതരും

**ക**രിക്കാട്ടുപുറത്ത് ലൂക്ക - മറിയം ദമ്പതികൾക്കു ജനിച്ച 8 മക്കളിൽ 5 പേരും ചെറുപ്പത്തിൽതന്നെ ദൈവതിരുസന്നിധിയിലേയ്ക്കു യാത്രയായി. സ്റ്റെല്ലാമ്മ ഉൾപ്പടെ 3 സഹോദരിമാർ മാത്രമാണ് ജീവിച്ചിരുന്നത്. സ്റ്റെല്ലാമ്മയുടെ മാതൃകയാലും പ്രാർത്ഥനയാലും സമർപ്പണജീവിതത്തിലേക്ക് ധാരാളം വ്യക്തികൾ ആകർഷിക്കപ്പെട്ടിട്ടുണ്ട്. അമ്മയുടെ കാലടികൾ പിൻതുടർന്നുകൊണ്ട്, സ്വന്തം ചേച്ചിയുടെ മകൻ, വൈദികവൃത്തിയിൽ പ്രവേശിക്കയുണ്ടായി. അദ്ദേഹമാണ് എം.എസ്.എഫ്.എസ് സഭാംഗമായ ബഹു. ലൂക്കോസ് കളരിക്കൽ.

എസ്.ജെ.സി. അംഗങ്ങളായിരിക്കുന്ന സി. ബ്ലെസി, സി. ബെറ്റ്സി, സി. ജൂഡ്സി, സി. ബേസിൽ, സി. കുസുമം, സി. റോസിനി, സി. വന്ദന എന്നിവരും സ്റ്റെല്ലാമ്മയുടെ ബന്ധത്തിലുള്ളവരാണ്.

സി. സ്റ്റെല്ല എന്ന വൻവൃക്ഷത്തിലെ ഇളം ശാഖകളായി ഡോൺബോസ്കോ സിസ്റ്റേഴ്സിൽ ചേർന്ന് തിരുസഭയിൽ സേവന



(സ്റ്റെല്ലാമ്മ സഹോദരിമാരോടൊപ്പം)

മനുഷ്ഠിക്കുന്നവരാണ് സി. ആനി വേമ്പേനിയും സി. മേരിയും. സ്റ്റെല്ലാമ്മയുമായി അടുത്ത ബന്ധത്തിലുള്ളവരായിരുന്നു വിസി റ്റേഷൻ സഭാംഗങ്ങളായിരുന്ന ബഹു. എസ്തേർ അമ്മയും ബഹു. തിയോഫിനാമ്മയും. സി. സ്റ്റെല്ല കാരിത്താസ് ആശുപത്രിയിൽ കിട ന്നപ്പോൾ എസ്തേർ അമ്മ കാരിത്താസിൽ നേഴ്സായിരുന്നു. എ സ്തേർ അമ്മയുടെ സേവനം കാരിത്താസിൽ വച്ചും തുടർന്ന് കുറു മുള്ളൂർ മഠത്തിൽ വന്നതിനു ശേഷവും സ്റ്റെല്ലാമ്മയ്ക്കു ലഭിച്ചി ട്ടുണ്ട്. കുടുംബത്തിൽനിന്ന് സമർപ്പിതർ വരുവാനും അവരുടെ നില നില്പ്പിനുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് അമ്മ ഓർമ്മിപ്പിച്ചിരുന്നു.

ഇങ്ങനെ സമർപ്പിതരുടെ സഹവാസത്തിൽ വളർന്നു വരു വാനും ഒരു സമർപ്പിതജീവിതം തെരഞ്ഞെടുക്കുവാനും ആ ജീവി തത്തിൽ നീണ്ട വർഷങ്ങൾ സഹനത്തിന്റെ പാതയിലൂടെ ചരിക്കു വാനും സാധിച്ച ഈ ബലിപുഷ്പത്തിന്റെ ജീവിതം വിശുദ്ധിയുടെ പരിമളത്താൽ പ്രശോഭിക്കുന്നതിൽ പരിശുദ്ധാരൂപി നിർലോഭം സഹായിച്ചു എന്ന സത്യം നമുക്ക് വിശ്വസിക്കാം.



(സ്റ്റെല്ലാമ്മയുടെ കുടുംബത്തിലെ സമർപ്പിതർ

**അദ്ധ്യായം VII**

# സ്റ്റെല്ലാമ്മയുടെ അന്തിമനാളുകൾ

**1963** ആഗസ്റ്റ് മാസം 23-നു തലവേദനയിൽ ആരംഭിച്ച് 1989 ജൂൺ 10-നു നിത്യവസതിയിലേക്ക് പറിച്ചുനടപ്പെട്ട സി. സ്റ്റെല്ല എന്ന പനിനീർപുഷ്പത്തിന്റെ അന്ത്യനാളുകൾ.

സ്റ്റെല്ലാമ്മയെ രോഗാവസ്ഥയിൽ പലരും വന്നു കാണുകയും ആശ്വസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അഭിവന്ദ്യ തറയിൽ പിതാവ് തന്നെയും 1967 നവംബർ 11-ന് കുറുമുള്ളൂർ ദീനപ്പുരയിൽ വന്നു സ്റ്റെല്ലാമ്മയെ സന്ദർശിക്കുകയും തന്റെ പൈതൃക ആശീർവ്വാദം നൽകുകയും ചെയ്തു. പ്രത്യേക സാഹചര്യം പരിഗണിച്ച് സ്റ്റെല്ലാമ്മയുടെ മുറിയിൽ തന്നെ സന്ദർഭോചിതം ദിവ്യബലിയർപ്പിക്കുവാൻ അനുവാദം നൽകി. ബഹു. കളരിക്കൽ ലൂക്കാച്ചൻ, ബഹു. മഞ്ഞാക്കൽ ജയിംസ് അച്ചൻ എന്നിവർ സ്റ്റെല്ലാമ്മയുടെ മുറിയിൽ പലപ്രാവശ്യം വി. ബലി അർപ്പിക്കുകയുണ്ടായി. ഈ മഹാഭാഗ്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ തന്നെ സ്റ്റെല്ലാമ്മയെ ദൈവം എത്ര കരുതലോടെ പരിപാലിച്ചു എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

## സ്നേഹസൂക്ഷിപ്പുകൾ

സഹനത്തിനുള്ള വലിയ ആഗ്രഹം കണ്ട നല്ലവനായദൈവം സഹനത്തിന്റെ പാതയിൽക്കൂടി തന്നെയാണ് ആദ്യന്തം അവളെ കൈപിടിച്ചു നടത്തിയത്. അനാരോഗ്യം അവളുടെ ശരീരത്തെ തളർത്തിയപ്പോഴും നല്ലവനായ ദൈവം തന്റെ പ്രിയ പുത്രിക്ക് തന്റെ

പ്രതിപുരുഷന്മാരിലൂടെ ആശ്വാസത്തിന്റെ അമൃതായ ദിവ്യകാരുണ്യം എത്തിച്ചുകൊണ്ടിരുന്നു. അതിന്റെ ഉത്തമ തെളിവുകളാണ് അമ്മയുടെ കിടപ്പുമുറിയിൽ ബലിപീഠമൊരുക്കിയ ദിനങ്ങൾ.

1976 ജനുവരി 31–ന് എസ്.വി.ഡി. മിഷനറി മെത്രാനായ അഭിവന്ദ്യ മാർ ജോർജ്ജ് ആനാത്തിൽ പിതാവ് സ്റ്റെല്ലാമ്മയെ സന്ദർശിക്കുകയും തന്റെ ആശീർവ്വാദത്താൽ ധന്യയാക്കുകയും ചെയ്തു.

ദൈവാലയത്തിൽപോയി ദിവ്യബലിയിൽ സംബന്ധിക്കുവാൻ സാധിക്കാത്ത തന്റെ ദാസിക്കായി കിടപ്പുമുറിയിൽ ദിവ്യബലിയർപ്പിക്കാൻ അനുവാദം നൽകിയ അഭിവന്ദ്യ തറയിൽ തിരുമേനിയേയും തുടർന്നുവന്ന അഭിവന്ദ്യ കുന്നശ്ശേരി പിതാവിനേയും ഈ സമയം എസ്.ജെ.സി. മക്കൾ നന്ദിയോടെ അനുസ്മരിക്കുന്നു. പിതാക്കന്മാരിലൂടെ ദൈവസ്നേഹത്തിന്റെ കരുതൽ നൽകിയ സ്വർഗ്ഗീയ പിതാവിന് നന്ദിയും സ്തോത്രവുമർപ്പിക്കാം. പല പ്രാവശ്യം ദിവ്യബലിഅർപ്പിക്കുവാൻ ഭാഗ്യം ലഭിച്ച ആ മുറിയുടെ പരിപാവനതയെപ്പറ്റിയും നമുക്ക് ആഴമായി ചിന്തിക്കാം. “തന്നെ സ്നേഹിക്കുന്നവർക്ക്, തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് ദൈവം എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കും” എന്ന തിരുവചനം സ്റ്റെല്ലാമ്മയിൽ എത്രയധികം സാർത്ഥകമായിയെന്ന് ആ മുറിയിൽ അർപ്പിക്കപ്പെട്ട ദിവ്യബലികൾ തന്നെയും നമുക്ക് തെളിവേകുന്നു.

1988 ജൂലൈ മുതൽ സ്റ്റെല്ലാമ്മയ്ക്ക് അസുഖവും ക്ഷീണവും കൂടിക്കൂടിവന്നതിനാൽ ഇടയ്ക്കിടെ കൈപ്പുഴ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരുന്നു. നവംബർ 20നും, വീണ്ടും 1989 മാർച്ച് 6 നും, രോഗീലേപനം നൽകി. അവസാനനാളുകളിൽ അമ്മയെ ശുശ്രൂഷിക്കാൻ ഭാഗ്യം ലഭിച്ച സി. മേഴ്സിൻ, സി. സാനി എന്നിവർ പറയുന്നു, ഉള്ളംകാൽ മുതൽ ഉച്ചിവരെ വ്രണങ്ങളായിരുന്നു. പിൻഭാഗത്തുണ്ടായ മുറിവ് അസ്ഥികൂടി കാണത്തക്കവിധമായിരുന്നു. ഡ്രസ്സിംഗിന് രണ്ടു മണിക്കൂറോളം വേണ്ടിവന്നിരുന്നു. വളരെ ശ്രദ്ധാപൂർവ്വം പുണ്യപ്പെട്ട ഒരു അമ്മയെ ശുശ്രൂഷിക്കുന്നതുപോലെയാണ് ഞങ്ങൾ സ്റ്റെല്ലാമ്മയെ ശുശ്രൂഷിച്ചിരുന്നത്. സഹിക്കാൻ പറ്റാത്ത

വേദന അമ്മയ്ക്കുണ്ടായിരുന്നുവെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു. എങ്കിലും വിഷമമോ വേദനയോ കാണിക്കാതെ ഡ്രസ്സിംഗ് കഴിയുമ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞങ്ങളുടെ നേരെ നോക്കി അമ്മ കൈകൂപ്പിയിരുന്നു. അമ്മയുടെ ശാന്തമായ മുഖത്തേക്കു നോക്കുമ്പോൾ വലിയൊരു ശാന്തിയും സമാധാനവും ഞങ്ങൾക്കും അനുഭവപ്പെട്ടിരുന്നു എന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു

തന്റെ വേദനകളെല്ലാം ഈശോയുടെ തിരുമുറിവുകളോട് ചേർത്ത് ശാന്തമായി സ്വീകരിച്ച് 1989 ജൂൺ 10 ന് കൈപ്പുഴ ആശുപത്രിയിൽ സഹോദരീപുത്രൻ ബഹു. ലൂക്കാച്ചന്റെ അന്തിമ ശുശ്രൂഷയുടെയും തന്റെ സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാമന്ത്രങ്ങളുടെയും മദ്ധ്യേ അമ്മയുടെ ആത്മാവ് ദൈവപിതാവിങ്കലേക്ക് പറന്നുയർന്നു. 11-ാം തിയതി 9 മണിയോടെ മഞ്ഞാക്കൽ ബഹു. ജയിംസ് അച്ചൻ, താഴത്തോട്ടത്തിൽ ബഹു. കുര്യാക്കോസച്ചൻ, പടപുരയ്ക്കൽ ബഹു. സിറിയക്കച്ചൻ, പതിയിൽ ബഹു. ലൂക്കാച്ചൻ, കറുകക്കുറ്റിയിൽ ബഹു. മാത്യു അച്ചൻ എന്നിവർ ചേർന്ന് ബഹു. ലൂക്കാച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കാര ശുശ്രൂഷകൾ ആരംഭിച്ചു.



(മൃതശരീരത്തിനരികിൽ സമൂഹാംഗങ്ങൾ)



(മൃതശരീരത്തിനരികിൽ ആദ്ധ്യാത്മികപിതാവ് റവ. ഫാ. ജയിംസ് മഞ്ഞാക്കൽ)

അമ്മയുടെ ആദ്ധ്യാത്മിക പിതാവ് ബഹു. മഞ്ഞാക്കൽ ജയിംസച്ച നാണ് ചരമപ്രസംഗം നടത്തിയത്. അച്ചൻ ആദ്യം പറഞ്ഞത് "കോട്ടയം രൂപതയ്ക്ക് ഒരു വിശുദ്ധയെ കിട്ടിയിരിക്കുന്നു" എന്നാണ്. സ്റ്റെല്ലാമ്മയിൽനിന്നും അച്ചൻ ധാരാളം പഠിച്ചു എന്നല്ലാതെ, സ്റ്റെല്ലാ മ്മയ്ക്ക് അച്ചൻ അധികമൊന്നും പറഞ്ഞു കൊടുക്കേണ്ട ആവശ്യം ഒരു ആദ്ധ്യാത്മിക പിതാവ് എന്ന നിലയിൽ ഉണ്ടായിട്ടില്ല എന്നും എടുത്തുപറഞ്ഞു. വൈദികർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കു ക, യാതൊരാവലാതിയും കൂടാതെ ധീരതയോടെ സഹിക്കുക എന്നി വയ്ക്കെല്ലാം സ്റ്റെല്ലാമ്മ മാതൃകയായിരുന്നു എന്ന് അച്ചന്റെ പ്രസംഗം സംക്ഷേപിക്കാം. മോൺ. ജേക്കബ് വെള്ളിയാൻ, റവ. ഫാ. ലൂക്കോസ് കളരിക്കൽ എം.എസ്.എഫ്.എസ്., റവ. ഫാ. ജയിംസ് മഞ്ഞാക്കൽ, റവ. ഫാ. ലൂക്കോസ് പതിയിൽ, റവ. ഫാ. മാത്യു കള്ളിയാട്ട് എന്നിവർ സമൂഹബലി അർപ്പിച്ചു.

സമാപനശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചത് അഭിവന്ദ്യ മാർ. കുര്യാക്കോസ് കുന്നശ്ശേരി പിതാവാണ്. പന്ത്രണ്ടരയോടെ മൃതശരീരം കുറുമുള്ളൂർ സെന്റ് സ്റ്റീഫൻസ് പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

എല്ലാവരാലും സ്നേഹിക്കപ്പെടുകയും എല്ലാവരേയും സ്നേഹിക്കുകയും എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത സ്റ്റെല്ലാമ്മ, എസ്.ജെ.സി യിലും, കോട്ടയം രൂപതയിലും, കേരളക്കരയിലും, ഭാരതത്തിലും മാത്രം ഒതുങ്ങി നിൽക്കാതെ ആഗോളസഭയിൽ കേരളത്തിലെ ഒരു വിശുദ്ധയായി മാറുമെന്ന് നമുക്ക് പ്രത്യാശിക്കാം, അതിനായി പ്രാർത്ഥിക്കാം.

ഈ സുന്ദരനിമിഷത്തിൽ സ്റ്റെല്ലാമ്മേ, നിന്റേതായി ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന ഗാനങ്ങൾ നിന്റെ ചുരുങ്ങിയ ജീവചരിത്രത്തോടു ഞങ്ങൾ ചേർക്കുന്നു. ഇനി നീ നിത്യവസതിയിൽ ത്രീത്വസ്തുതി പാടിപ്പാടി ഞങ്ങളെ ഉണർത്തിയാലും.

## സ്റ്റെല്ലാമ്മ രചിച്ച് ആലപിച്ചിരുന്ന ഗാനങ്ങൾ

**1.** ദിവ്യസ്നേഹ സ്വരൂപനാം മിശിഹാ
നരഹൃദയങ്ങളിൽ വസിച്ചിടുവാൻ
സ്വർഗ്ഗം വിട്ടിറങ്ങി സക്രാരിയിൽ
സാദൃശ്യം തന്നിലദൃശ്യനായി

നാഥാ ഞങ്ങളങ്ങെ ആരാധിക്കുന്നേൻ
നിൻപാദം ഭക്ത്യാ വണങ്ങിടുന്നേൻ
മുഴുഹൃദയത്തോടെ സ്നേഹിക്കുന്നു
സമസ്തവും അങ്ങിൽ സമർപ്പിക്കുന്നു

നന്ദിഹീനതയാൽ മനുജരെല്ലാം
പലവുരു നിന്നെ ക്രൂശിക്കുന്നു
നാഥാ ക്ഷമിക്കണമേ അവയഖിലം
അജ്ഞതയാലിവർ ചെയ്തു പോയി
(നാഥാ)

ദിവ്യ വരസുമങ്ങൾ പൊഴിച്ചിടുവാൻ
ഉണർന്നിരിക്കുന്നു താനിവിടെ
ഞങ്ങളണഞ്ഞിടുന്നു പ്രിയനാഥനെ
ആശ്വസിപ്പിക്കാം നിന്നെ ഞങ്ങൾ
(നാഥാ)

സ്നേഹാൽ ഒരു മണിക്കൂർ ഉണർന്നിരിപ്പാൻ
സ്നേഹ രാജൻ നമ്മെ ക്ഷണിച്ചിടുന്നു
പൂങ്കാവനമതിൽ നീ അനുഭവിച്ച
വേദന ഈവിധം പരിഹരിപ്പാൻ
(നാഥാ)

**2.** (മറിയമേ നിന്റെ ചിത്രത്തിൽനിന്ന്....... എന്ന മട്ട്)

എൻ സ്നേഹമാതേ, മേരി അംബികേ
വണങ്ങിടുന്നു ഞാൻ ആദരാൽ
എൻ മദ്ധ്യസ്ഥയാം മേരി അംബികേ
സ്നേഹിക്കുമാറായിടട്ടെ.

സ്നേഹമേറിടും വത്സലമാതാവേ
ഞങ്ങളെ അങ്ങ് നോക്കുക
ഞങ്ങളിൽ കരുണ തോന്നണെ അമ്മേ
ഞങ്ങളെ അങ്ങ് തുണയ്ക്കണെ.


ഞങ്ങൾക്കുവേണ്ട ദാനങ്ങൾ നൽകൂ
വരപ്രസാദങ്ങൾ നൽകണെ
പാപികളാം നിൻ മക്കളെ അങ്ങ്
കൈവിടരുത് അംബികേ.

നിൻ മക്കൾ ഞങ്ങളെല്ലാവരെയും
നിൻ തൃപ്പാദത്തിൽ ചേർക്കണെ
നിൻ സ്നേഹമേറും കാപ്പയ്ക്കുള്ളിലായ്
ഞങ്ങളെ അങ്ങ് കാക്കണെ.

ഇതോടൊപ്പം സ്റ്റെല്ലാമ്മ ഓരോ ദിവസവും രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും ഗാനരൂപത്തിൽ പ്രാർത്ഥിച്ചിരുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

**3.** ഇന്നത്തെ എന്റെ പരിപാടികളെല്ലാം
തുടങ്ങുന്നു നാഥാ തുടങ്ങുന്നു (തുടരുന്നു, തീരുന്നു)
അവിടുത്തെ സന്നിധിയിൽ ഞാൻ
ആശ്വസിച്ചീടട്ടെ നാഥാ (2)
അവിടുത്തെ സാന്നിദ്ധ്യം എന്തോരാനന്ദം
എന്തോരാശ്വാസം എത്ര സൗഭാഗ്യം (2)
സ്നേഹപിതാവേ നീ സന്തതം
പ്രാർത്ഥന കേൾക്കണമേ.

## 4. അമ്മ രചിച്ച് അമ്മയുടെ കൈപ്പടയിൽ എഴുതിയ ഗാനങ്ങൾ




15/6/1988

To

From

Sr. Stella SJC



From, Rev. Sr. Stella SJC 15/6/1988


Kusumulloor

**അദ്ധ്യായം VIII**

# സ്റ്റെല്ലാമ്മയും മാദ്ധ്യസ്ഥ്യ ശക്തിയും

**ക്രി**സ്തുനാഥൻ തന്റെ പീഡാനുഭവങ്ങളുടെ മുന്നോടിയായി അന്ത്യഅത്താഴസമയത്ത് തന്റെ ശിഷ്യർക്കുവേണ്ടി പിതാവിന്റെ പക്കൽ അർപ്പിക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥന, വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 17-ാം അദ്ധ്യായം വളരെ മനോഹരമായി നമുക്ക് കാണിച്ചുതരുന്നു. പരി.അമ്മയും സ്വർഗ്ഗവാസികൾ എല്ലാവരും മദ്ധ്യസ്ഥപ്രാർത്ഥനകളിലൂടെ നമുക്ക് ദൈവാനുഗ്രഹങ്ങൾ പ്രാപിച്ചുതരുന്നത് നമുക്കെല്ലാം നിത്യാനുഭവങ്ങളാണല്ലോ. മരണമടഞ്ഞ് ദൈവസന്നിധിയിൽ എത്തിയിരിക്കുന്നവർ തങ്ങളുടെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് സഭ നമ്മെ പഠിപ്പിക്കുന്നു. ഇതിനാൽതന്നെ എസ്.ജെ.സി.യിൽനിന്നും മരണംമൂലം സ്വർഗ്ഗവസതിയിൽ എത്തിയിരിക്കുന്ന സ്റ്റെല്ലാമ്മയും തന്റെ മാദ്ധ്യസ്ഥശക്തിമൂലം എസ്.ജെ.സി.യിലും എസ്.ജെ.സി.ക്കു പുറത്തും ഉള്ളവർക്കുവേണ്ടി മാദ്ധ്യസ്ഥം യാചിക്കുന്നു എന്നു കരുതാം. ഇതിനെ ബലപ്പെടുത്തുന്ന ഏതാനും ചില സംഭവങ്ങൾ താഴെ ചേർക്കുന്നു.

*12 വർഷങ്ങളോളം സ്റ്റെല്ലാമ്മയുടെ ആദ്ധ്യാത്മിക പിതാവായിരുന്ന റവ. ഫാ. ജയിംസ് മഞ്ഞാക്കൽ MSFS സ്റ്റെല്ലാമ്മയെക്കുറിച്ചുള്ള തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു*



ABOUT STELLAMMA KURUMULLOOR

Reported by Fr. James Manjackal MSFS

My contact with Sister Stella

It is in the year 1976, September, during the Onam vacation, that I preached a charismatic retreat to the St. Joseph's sisters (S J C) of Kurumulloor. It was a time that I was preaching retreats to all the religious sisters of the dioceses of Kottayam i.e..; to the Visitation congregation, St. Joseph's congregation and to the Caritas secular Institute. Also I preached many reterats in various parishes of the dioceses of Kottayam. Archbishop Kuriakose Kunnachery loved me and encouraged me a lot in my preaching ministry. Often I used to gather the charismatics of the Kottayam zone in the BCM auditorium, staying in the Bishop's house. As a consequence even now I am receiving the prayers and supports of the religious and the people of the dioceses of Kottayam for my world-wide ministry of evangelization.

During the retreat at Kurumulloor from 4th to 11th September, daily I was giving Holy Communion to sister Stella who was bed ridden in her room. I learned from the Mother Superior that she was bed ridden ever since her religious profession. While hearing her confession in the room, she requested me to be her spiritual director and I agreed to go to her according to my convenience and time. According to my suggestion. with the permission of the Bishop, the concluding Mass of the retreat was celebrated in the room of Sister Stella, and after the Holy Communion I prayed over her for healing along with the prayers of the participants of the retreat and inmates of the house. Many people thought

that Sr. Stella would be healed. After the prayer a sister had a vision and message that Stella would be healed. After the prayer a sister had a vision and message that Stella was healed completely!

After the Mass and prayer Sister Stella had a private talk with me, where she clearly told that her sufferings were gifts given to her by the Lord for her own sanctification, the sanctification of her sisters in the convent and for the sanctification of the Church, especially ofher diocese, and that all she wanted was my prayer for grace and power to suffer with christ, Pointing at the Crucifix on the wall she spoke like a child "look, how much Jesus suffered for us, so I want to suffer with Him a little”. She used to repeat it often in her conversation with me later. At first I misunderstood her and thought that either she did not believe in healing or she did not want to be healed. But later on with my thirteen years of spiritual contact with Sr. Stella, I knew that I was wrong and that she was right, she was called and chosen by Jesus to suffer with Him.

## A servant of suffering

From that time onwards until her death on10th of June 1989 I used to visit Sr. Stella to listen to her, to hear confession and to pray with her. It was going around preaching retreats in various places staying at SFS seminaary, Ettumanoor where I was a professor.

Whenever Sr. Stella had acute pains or the attacks of evil spirit, she wanted to meet me by all means, hence the sisters or the Mother Superior used to call on me. My visit to Sr. Stella was a part of my ministry I used to go to her often. The late Fr. George Vayalil MSFS humorously, used to tell me when I was back from preaching, “don’t you want to go to Kurumulloor to visit your girlfriend” Indeed I have many girlfriends and boyfriends who are crippled, bed ridden, sick and old! Praise the Lord.

I am convinced that sister Stella was carrying the sufferings of Christ on her body to complete the sufferings of Christ (Col 1:24). Like a small child she used ti say very often, “how much Jesus suffered for us, and

He is still suffering, hence my suffering is too little compared to His great suffering". When she had intense pains, she used to ask me to lay my hands on her head to pray for grace and strength, never she asked me to pray to remove her pains. Often she used to share with me her intentions of sufferings: for the Church, for the dioceses of Kottayam, for priests and religious sisters. I am sure that her prayers and sufferings have brought many blessings upon the priests and religious in the Church especially to those in the dioceses of Kottayam.

The sisters of the convent loved her and looked after her well as far as I knew, still some of the girls or women were not very attentive or caring I knew very well that when she used to get panic attacks of pains at mid-night, nobody cared her although shed used to cry aloud! When she had nightmares and attacks of the evil, nobody could understand her, some even shouted at her saying that it was all pretentious to get attention and even some scoffed at her as purely emotional and psychological, But Sister Stella had no complaints. She too all her sufferings with joy. Sometimes I wanted to all these problems to the Mother Superior but always she refused. She never wanted to grieve anybody or to say bad about any one. She has great respect and love to the superiors and other sisters. Often she had the feeling that she was a burden to others, so she was trying to please everyone who looked after her. The problems of her spiritual life which she used to tell me was " I did not take my sufferings in the right spirit, I was unable to offer my sufferings to the sufferings of Christ, I could not suffer with cheerfulness, etc".

She had an intense desire to be with her Bridegroom forever. She used to ask me, "Jamesachen, how long should I suffer! Why does not Jesus call me to eternity" I knew well that it was not the voice of disappointment or desperation of suffering but it was her earning for eternal life. She knew well that her life was life in Christ, and death was a gain for her and that her citizenship was in heaven (Phil 1: 21-23, 3:20).

Spiritual warfare

Sister Stella had clear attacks from the evil spirit. I still remember that once when she had such an attack, the Mother Superior of the convent sent taxi to me to rush to her immediately, My motor cycle was in the workshop! When I went to her she was in a kind of trance, teeth and lips tightly closed, unable to speak although she wanted, her eyes were white and appeared horrible, the face was all blue, she was foaming from the mouth and the whole body was shivering. For me it was clear that it was an attack of the enemy, the Satan; when I prayed for deliverance and sprinkled the Holy Water on her, she was being slowly liberated but still saying, "leave me alone, I belong to Jesus, allow me to go to my Bridegroom, don't trouble me again, etc" Often she used to speak to me about the harassment and delusion of the devil which she experienced. She could not explain this to many other priests as they would not understand her. I taught her a prayer of deliverance to use whenever she had such diabolic attacks, "You spirit of evil that troubles me now, I command you in the name of Jesus to depart from me" Also I had advised her to praise Jesus much after commanding the evil to depart. She used to tell me that this depart. She used to tell me that this prayer was helping her a lot. She used to command the evil three times by making the sign of the Cross on the forhead, lips and chest. She had told that she had seen the devil flying around the room and had heard the screaming sound of the devil. Even she used to smell the stink of the devil! As I knew very well about the attacks of the evil spirits on holy souls, I was able to help Sr. Stella in this regard. There were times the devil used to tell her that she was abandoned by God and that her suffering would not be accepted by God.

Her prayers for the consecrated souls

Whenever Stella used to hear the story of a priest leaving the priesthood or religious leaving the convent she used to shed tears. Also the bad and sinful lives of priests and nuns grieved her soul much. She used to say, "Jesus is suffering very much for the sins of the priests and

religious because they are the chosen ones of Jesus. Jesus loves priests in a unique way because they are carrying the Body and Blood of Christ in their hands". She had much love for priests hence she was looking forward with much prayer and fasting for the ordination of her nephew, Fr. Luke Kalarikal MSFS whom I had recruited to the congregation when I was the Vocation director. Everyday she used to pray much for priests and religious. She wanted to fast and do penance for the sins of priests, but always I refused knowing her physical weakness and illness. She was always obedient and humble. I am sure that all her superiors will testify to this.

In all her talks and behaviours I could feel in her the simplicity and sincerity of a child. Although I was called to her bedside to console her and to help her, I came back often consoled and helped after my visit. After visiting her, hearing her confessions or praying over her, I was strengthened more in the Holy Spirit and received grace and blessings. Whenever I had some problems or tensions, I used to make a casual visit to Sr. Stella and talk with her, and her presence used to take away my tensions and problems. I used to tell my spiritual director, late Fr. George Vayalil, "Stella is becoming a saint in her sufferings like blessed Alphonsa of Bharananganam".

When I was planning to build Charis Bhavan, the charismatic centre at Athirampuzha I had no money. When I shared my difficulty with Sr. Stella she advised me to write for donations to all the Mother Superiors of the congregations to whom I preached retreats in the past. It worked very well; the Mother Superiors donated a good sum of money to begin the construction of Charis Bhavan. While Sr. Stella was alive, I was quite sure of her sanctity. That is the reason that at her funeral, I told publicly to the crowd assembled that "Kurumulloor", a small village about 15km from Kottayam, will be known all over the world through Sr. Stella. I believe that it will happen soon!

Favours received after her death

Always I have a devotion to the souls departed; I pray for some of them and I pray to some of them for favours. Stella is one of those to whom I began to pray after her death. I believe more in praying to the known saints than the unkonwn saints! I believe that many of those who departed from our families and communities are in heaven interceding for us, although they are not beatified or canonised by the church.

A few days before the death of Stella in visiting her, she gave me a rosary as a present. It was an old rosary, not so elegant or good in appearance! Keeping it in my hand, she said, "Fr. James I have nothing to give you as gift, please accept it, now I promise that I will pray for you even after my death". In 1998, after a retreat at Augsburg, Germany, some people told me that they felt a particular fragrance from my body.It was found that the gift of Sr. Stella, the old rosary, was emitting fragrance. Still it continues giving a particular fragrance especially in the time of prayer. It is a treasure for me and I carry it always with me. Thousands of people in India and abroad have experienced the special odour of this rosary.

Sister Stella came to my dreams several times. Always she was dressed white like children going to the first Holy Communion. Once I asked her "are you in heaven" and she replied "yes, now I am in heaven with my bridegroom". With curiosity I asked her "didn't you go to purgatory".

In 1993 I was kidnapped by some unknown culprist when I was in Charis Bhavan as its founder Director, and later on I was very much misunderstood by my own superiors even, and I was removed from Charis Bhavan which caused me much pain. Even I had the temptation of leaving my congregation and the Church! For many days I was praying in tears. On one of those days, Sr. Stella came to me in a dream in prayer and said, "don't leave your congregation or the Church which nourised you, do not grieve the Heart of Jesus. I will pray that you will

get grace and power. Jesus will lift you up'' In fact her message was giving the message of the patron of my congregation St. Francis de Sales "bloom where you are planted''. The following day onwards I was strengthened and my temptation vanished. Indeed Jesus lifted me up by His hands, ever since I was taken away from Charis Bhavan! He took me to more that 86 countries in all five continents to preach His Gospel. Now I am one of the happiest priests in the world. If I helped and guided Stella in her life, now after her death, she is helping me and she will be made known to the whole world by her prayer of intercession. Praise the Lord!

Fr. James Manjackal MSFS
Munich, Germany

E-mail:jmanjackal@yahoo.com
Website: www.jmanjackal.net

****



II. **സ്റ്റെല്ലാമ്മയുടെ സഹോദരി അന്നമ്മ പുളിക്കക്കുഴി**

കുഞ്ഞുമേരി എന്റെ ഇളയ സഹോദരിയാണ്. ഞങ്ങൾ എട്ടു മക്കളിൽ ഏഴാമത്തവൾ. അവരിൽ അഞ്ചു കുട്ടികളും ജനിച്ച് അധികം കഴിയുന്നതിനു മുമ്പേ മരണം പ്രാപിച്ചു. കഞ്ഞുമേരി സ്വന്തം വീട്ടിൽ ഒതുങ്ങി ജീവിക്കുവാനാണ് ആഗ്രഹിച്ചിരുന്നത്. മറ്റുള്ള ബന്ധുക്കളെ കാണുവാനോ ബന്ധുവീടുകളിൽ പോകുവാനോ താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല. വീട്ടിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഏറെയുണ്ടായിരുന്നെങ്കിലും അതൊന്നും ആരെയും അറിയിക്കാതെ എപ്പോഴും പ്രസന്നവദനയായിട്ടാണ് നടന്നത്. അത്യാവശ്യ സാധനങ്ങൾ ലഭിക്കാതെ വരുമ്പോൾപോലും ഒരു പരാതിയും ഇല്ല. ഹൈസ്ക്കൂൾ വിദ്യാഭ്യാസ നാളുകളിൽ ഞങ്ങളുടെ അച്ചാച്ചൻ മേരിയെ ട്യൂഷൻ പഠിപ്പിക്കുവാൻ കുട്ടപ്പൻസാറിനെ നിയോ

ഗിച്ചു. സാറിന്റെ വീട്ടിൽപോയി പഠിക്കുവാൻ മേരി താല്പര്യം കാണിച്ചില്ല. അതിനാൽ സാറിനെ വീട്ടിലേക്കു വരുത്തി കൂട്ടുകാരി ഏലിയാമ്മയുംകൂടി ഒരുമിച്ച് ട്യൂഷൻ പഠിച്ചു. സാറിന്റെ വീട്ടിൽ പഠിക്കാൻ പോകാത്തതിനെക്കുറിച്ചു ചോദിച്ചപ്പോൾ ആൺസാറാ യതുകൊണ്ട് ഞാൻ പോകുന്നില്ല എന്നാണ് പറഞ്ഞത്. "മേരിക്ക് ചെറുപ്പത്തിൽതന്നെ വിശുദ്ധിയെക്കുറിച്ച് ഏറെ കരുതലുണ്ടായി രുന്നു."

മേരിക്ക് വിവാഹാലോചനയുമായി ഒരു സ്ത്രീ വീട്ടിൽവ ന്നു. ഇതറിഞ്ഞ മേരി അവർക്കു മുഖം കൊടുക്കാതെ മുറിയിൽ കയറി ഒരു മൂലയിൽപോയി മുഖംപൊത്തിനിന്നു. വീട്ടിലുള്ളവർ എത്ര നിർബന്ധിച്ചിട്ടും അവരെ കാണാൻ അവൾ തയ്യാറായില്ല. ഒരു മണിക്കൂർ കാത്തിരുന്നെങ്കിലും അവർക്കു കാണാൻ സാധിച്ചി ല്ല. അവർ പോയതിനുശേഷം അച്ചാച്ചൻ ചോദിച്ചപ്പോൾ പറഞ്ഞു എനിക്കു വിവാഹം വേണ്ട കന്യാസ്ത്രീ ആയാൽ മതി, അഗതി കളും ആലംബഹീനരുമായവരെ ശുശ്രൂഷിക്കുന്ന അസൈലം മഠ ത്തിൽ പോകാനാണ് താൻ ആഗ്രഹിക്കുന്നത് എന്ന്.

മഠത്തിൽ ചേർന്ന് സിസ്റ്റർ സ്റ്റെല്ല എന്ന പേരു സ്വീകരിച്ച് ഉടുപ്പിടീലിനുശേഷം മൂന്നു വർഷമായപ്പോഴേക്കും രോഗാവസ്ഥ യിലായി. ഒരിക്കൽ കളരിക്കലെ ചേച്ചിയുടെ മക്കൾ കാണാൻ ചെന്ന പ്പോൾ അവരോടു പറഞ്ഞു ഞാൻ ഇന്നലെ ഫാനിന്റെ ഇതളിൽ തിരുക്കുടുംബത്തെ കണ്ടു. എന്നെ എപ്പോഴാണ് ഈശോയുടെ അടു ക്കൽ കൊണ്ടുപോകുന്നത് എന്നു ചോദിച്ചപ്പോൾ നിനക്കു സമയ മായില്ല, നിന്റെ കുടുംബത്തിൽനിന്നും രണ്ടുപേരെക്കൂടി സ്വർഗ്ഗ ത്തിലേക്കു കൊണ്ടുപോകാനുണ്ട് അതിനുശേഷമേ നിന്നെ വിളിക്കൂ എന്ന്. അതുപോലെ തന്നെ സംഭവിച്ചു. അച്ചാച്ചനും ചേച്ചിയുടെ ഭർത്താവും മരിച്ചശേഷമാണ് സ്റ്റെല്ലാമ്മ മരിച്ചത്.

സ്റ്റെല്ലാമ്മയുടെ മരണശേഷം ഞാൻ കണ്ട സ്വപ്നം—

രാത്രിയിൽ ഞാൻ കിണറ്റിൽനിന്നും വെള്ളംകോരാൻ പോയി. കിണറിന്റെ അടുത്തുനിന്ന് അല്പം മാറി വെള്ളവസ്ത്ര ധാരിയായ ഒരു പെൺകുട്ടി നിൽക്കുന്നതുകണ്ട് ഞാൻ പേടിച്ചു. ആകുട്ടി എന്നോട് പറഞ്ഞു, പേടിക്കേണ്ട ഞാനൊരു സുകൃതജപം

പറഞ്ഞുതരാം അത് എന്നും ചൊല്ലണം. 'ഈശോയെ, മാതാവിന്റെ മടിയിൽ കിടത്തി എന്നെ മരിപ്പിക്കണെ' എന്നു ചൊല്ലിതന്നു. ഈ കുട്ടി ആരാണെന്നാലോചിച്ചു നിൽക്കവെ പെട്ടെന്ന് സ്റ്റെല്ലാമ്മയുടെ കബറിടം തുറന്നിരിക്കുന്നതായും സ്റ്റെല്ലാമ്മയെ പള്ളിയുടെ മോണ്ടത്തിൽ കിടത്തിയിരിക്കുന്നതായും കണ്ടു. അപ്പോൾ എനിക്കു മനസ്സിലായി സുകൃതജപം പറഞ്ഞുതന്നത് സ്റ്റെല്ലാമ്മയാണെന്ന്.

****

*സ്റ്റെല്ലാമ്മയുടെ ചേച്ചിയുടെ മകൻ റവ. ഫാ. ലൂക്ക് കളരിക്കലിന് അമ്മയുമായുള്ള അടുപ്പവും ലഭിച്ച അനുഗ്രഹങ്ങളും*



## III. My Experience of Sr. Stella

This short note is from the sharing and informal interviews I had with my mother at several occasions and from my own personal experience with Sr. Stella.

She was my aunt, my mother's younger sister. Ever since she was very young she had the desire to become a religious sister. As a young girl she was very moderate in her conversation, dress and food. Even though the food she had at that age was insipid and tasteless she never had any complaint. At her early age itself she had the spirit of enduring pain and sufferings. Even when she was starving after returning from school she was never upset nor made a fuss out of it. She suffered it quietly. My mother recalled a time when she was severely beaten by her teacher for no reason (It was a misunderstanding). But she never complained it to her father. When her father came to know

from somebody he was very upset with the teacher but the young Mary did not want her teacher to be scolded. She wanted him to forgive the teacher as she already had forgiven her.

She was very obedient to her father. She did the chores of the house very quietly. She was very hard working in the school as well as at home. She used to get up very early in the morning (as early as 4 a.m.) and studied her lessons.

After 10th standard she joined St. Joseph's Congregation after having received blessing from her father. After her first religious profession she received the name Stella Maria. The suffering she endured as a result of Meningitis which she had developed after her first Religious Profession, was very severe. However, whenever any guest visited her she never expressed it outwardly. Once when my mother visited her other sisters said that she was struggling with pain but now she looks so cheerful. This was her way of enduring sufferings quietly.

Whenever I visited her she used to give me a lot of spiritual guidance and encouragement. She was so happy that I joined the seminary and would request all her visitors to pray for me: "Please pray for Lukachan." She had written to me a lot of letters and all of them were very spiritual. She used to tell me that we are all doing great mission work outside while she is privileged to do the same within the four walls. She was grateful that she was called to serve the Lord and his Church in this fashion. She said she didn't have to go out and suffer in order to fulfill the mission as others do but she could comfortably sit inside and serve. Thus she belittled her ministry and suffering while overemphasizing others' work and pains. This was part of her humility as well.

Whenever I visited her she wanted to give me whatever she had. I had heard that she did the same with whoever came to see her. Thus she was always other centered. I always felt a sense of special joy and peace in her presence. She would simply make you feel happy and at ease. Whenever I visited her with any worries or concerns her loving and compassionate conversation and presence would simply make all my burdens light. I would then come back as a renewed person. I could see a holy person in Sr. Stella. While talking about others she was always non-judgmental. She was always very positive in talking about others. She used to advice and encourage me to be always understanding and caring about others.

She loved the priests. She used to ask me and others to pray for the priest. She wanted every priest to be holy. She wanted me to be not just a priest but a very good and holy priest. I owe my vocation to her and to my mother. Sr. Stella's sufferings and prayers helped me a lot to be a priest and to persevere in my vocation. Her spiritual letters and prayers constantly gave me strength and encouragement during my formation period and later as a priest. I can feel the power of her prayers from above even now in my priesthood and my ministry.

She had a special devotion to Blessed Mother. She used to tell me to hold on to Our Mother. Whenever I visited her she always had rosary in her hands and requested me to say the Rosary everyday without fail.

The songs she wrote (She used to write a lot) always had the content of praising God and offering all the activities and sufferings of daily life to Jesus and Mary. She had her own tune for them. I am trying to give a special tune and

record them. The beautiful pictures she drew around the songs depict her artistic talent.

During the last few months of her life she used to get fits and become partly unconscious or confused. At that time she used to utter the scriptural passages one by one. One of them was, “I am the vine and you are the branches…..”

She had two desires: To see me as a priest before her death and to have me at the time of her death. She died on the following year of my ordination. I had the opportunity to say my 2nd Mass in her room since she was not able to come for my ordination. When she was very critical I was called in from my mission area of Andhra Pradesh. I came on the previous evening and she died peacefully on the following day while I was giving her the last rites. In the early years of my priesthood I used to suffer from headache very often. Whenever I had headache I used to ask her intercession and immediately I was cured. Now I am completely cured of it.

## III An Experience of my Miraculous Healing

I am Fr. Luke Kalarickal, belonging to the Congregation of the Missionaries of St. Francis de Sales. I was ordained on April 23, 1988. After having served in some of the parishes and institutions of our Order. I was sent to United States to serve God’s people in this part of the world. Since then I served in two parishes as pastor in the Diocese of Tyier, TX, and now I serve as chaplain to Mother Frances Hospital in Tyler, TX, besides pursuing doctoral studies in Ministry (D Min). At present I belong the USA Vice Province of the order. The following is a brief description of a miraculous healing I experienced through the intercession of Sr. Stella SJC.

While working at Mother Frances I was diagnosed with insulinoma (tumor on the upper part of the pancreas) in the year 2010. The main symptom was hypoglycemia. Since I had diabetes my sugar level would rise up to 300-350 soon after meals and within half an hour it would drop down all the way up to 35. So every half hour I was asked to eat some snacks in order to maintain the sugar level.My endocrinologist advised me to do the whipple procedures (a very extensive surgery that is very dangerous and risky) in order to remove the tumor. If it is not done as soon as possible it could kill me any time, according to the doctor. I was also told that even if I were to survive after the surgery life wouldn't be the same. I finally decided to go for the surgery. It was around that time my mother got very sick and I wanted to see her. Although my endocrinologist advised me not to travel to India since traveling was very dangerous in that situation my surgeon advised me to visit my mother, taking all the precautions, before going for the surgery. According to the surgeon if something were to happen to my mother after my surgery I wouldn't be able to see her again.So taking all the emergency kits I traveled to India and visited my mother.

While in India I went to visit the tomb of Sr.Stella who was a member of the St. Joseph sisters of kottayam . From my own experience and according to several people of the area, Sr. Stella lived a life of holiness through her cheerful acceptance of suffering for about 27 years before she died on June 10, 1999. I was also told of certain favours people have received through her intercession. After I visited her tomb and pleaded her intercession I realized that my sugar level was miraculously normal ! From that time onwards I didn't have to eat anything every half hour. I realized that something has happened to my health situation. But for some reason I didn't share

that with anybody. After a few days I was encouraged by some of my relatives to attend a healing retreat conducted in Sehion Retreat centre in Palaghat district, Kerala, which I did. Toward the end of the retreat during the spiritual counselling I was told to do one more medical test before going for the surgery since, according to the counsellor, I was already heated. It was not hard for me to believe that because of the changes in symptoms I was experiencing those day. When I came back to USA I did as I was told by the counselor. My doctor called me on the same day of CT scan. She told me, “Fr. Luke I am so excited that I couldn’t wait to tell you this great news. Your tumor is miraculously disappeared”. Praise the Lord! After that I had test after three months, six months and one year. Every test until today looks quite normal. I believe that the healing took place through the intercession of Sr. Stella after I prayed at her tomb and the retreat was an opportunity of confirming that miraculous healing. All the doctors who dealt with me are fully convinced that it happened only through the divine intervention. I believe that Sr. Stella has a great intercessory power on account of the holy and sacred life she led during her life here on earth!

I am attaching herewith a certificate of my healing by the surgeon, Dr. Duane Andrews.

Prayerfully

Fr. Luke Kararical MSFS
Mother Frances Hospital
800 E Dawson
Tyler, TX 75701, USA
001 903 216 3445
fatherlukek@hotmail.com

IV. കുറുമുള്ളൂർ സ്കൂളിൽ പഠിച്ചകാലത്തുതന്നെ സ്റ്റെല്ലാമ്മയുടെ വിശുദ്ധി മനസ്സിലാക്കിയ സി. എമിലിൻ മ്ലാവിൽ എസ്.എ. ബി. എസ് .



**സി. സ്റ്റെല്ല എസ്.ജെ.സി. വഴി ലഭിച്ച കൃപയുടെ സ്പർശം**

ഞാൻ സി. എമിലിൻ മ്ലാവിൽ എസ്.എ. ബി. എസ് മദ്ധ്യപ്രദേശിൽ ഗ്വാളിയറിലെ മുറാർ എന്ന പ്രദേശത്തെ ആരാധനാ മഠത്തിൽ സേവനം ചെയ്തുവരുന്ന കാലയളവിൽ സി. സ്റ്റെല്ല എസ്.ജെ.സി. യുടെ മദ്ധ്യസ്ഥത്താൽ ലഭിച്ച അനുഭവസാക്ഷ്യം.

1990 ഫെബ്രുവരി 8-ാം തീയതി വ്യാഴാഴ്ച മദ്ധ്യപ്രദേശിലെ ഗ്വാളിയറിൽനിന്നും ഉത്തർപ്രദേശിലുള്ള മയിൻമ്പൂരിയെന്ന സ്ഥലത്തുപോയി തിരിച്ചുവരുമ്പോൾ സമയം ഏറെ വൈകിയിരുന്നു. ഇരുവശവും വനപ്രദേശമായിട്ടുള്ള സ്ഥലത്തുകൂടിയായിരുന്നു യാത്ര. കുറെദൂരം ചെന്നുകഴിഞ്ഞപ്പോൾ വണ്ടിയുടെ നിയന്തണം വിട്ട് വണ്ടി ഇടതുവശത്ത് മരങ്ങളും വള്ളിപ്പടർപ്പും നിറഞ്ഞുനിന്ന കൊക്കയിലേക്ക് ചരിഞ്ഞുനിന്നു. കൊടും വനപ്രദേശമായതിനാലും കൊള്ളക്കാരുടെ ശല്യമുള്ള സ്ഥലമായതിനാലും ആരേയും സഹായത്തിനു കിട്ടിയില്ല. വണ്ടിയിൽ 4 സിസ്റ്റേഴ്സും ഒരു വൈദികനും ഡ്രൈവറും ഉണ്ടായിരുന്നു. മൂന്നു സിസ്റ്റേഴ്സിന് സാരമായ പരിക്കുകൾ പറ്റി. കൂടെയുണ്ടായിരുന്ന വൈദികൻ കൂൾമിയും (രാജസ്ഥാൻ) ഞാനും ഏന്തി വലിഞ്ഞ് പുറത്തിറങ്ങി. ആ വഴിവന്ന വണ്ടിക്കാരോടു സഹായത്തിനു കൈനീട്ടി. എല്ലാവരും വരുന്ന വേഗത്തിൽ കടന്നുപൊയ്ക്കൊണ്ടിരുന്നു. അങ്ങനെ വിഷമിച്ചു നിൽക്കുമ്പോൾ എന്റെ (സി. എമിലിന്റെ) മനസ്സിൽ സ്റ്റെല്ലാമ്മയുടെ ഓർമ്മ വന്നു. തൽക്ഷണം ഞാൻ അമ്മയോടു പ്രാർത്ഥിച്ചു. "അമ്മേ ഈ കൊടുംകാട്ടിൽ ഞങ്ങളെ സഹായിക്കാൻ ആരുമില്ല. അമ്മ ഞങ്ങളെ സഹായിക്കണമെ." അതിനുശേഷം വന്ന ഒരു ട്രക്കിന് കൈ

കാണിച്ചപ്പോൾ അവർ വണ്ടി നിർത്തി ഇറങ്ങിവന്ന് ഞങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി വേണ്ട സഹായങ്ങൾ ചെയ്തുതന്നു. ആ ട്രക്കിൽനിന്നും ഒരു ചങ്ങല അഴിച്ച് ഇരുവണ്ടികളുമായി ബന്ധിച്ച് ട്രക്ക് മുന്നോട്ട് എടുത്ത് ഞങ്ങളുടെ വണ്ടി റോഡിലാക്കി അറ്റകുറ്റ പണികൾക്ക് സഹായിച്ച് ഞങ്ങളെ യാത്രയാക്കി. അങ്ങനെ വളരെ അത്ഭുതകരമായ രീതിയിൽ ആ കാട്ടിൽനിന്നും തിരിച്ചുപോരാൻ സാധിച്ചത് തക്ക സമയത്ത് പ്രിയപ്പെട്ട സ്റ്റെല്ലാമ്മ വഴി ലഭിച്ച ദൈവാനുഗ്രഹമാണെന്ന് എന്നും നന്ദിയോടെ ഓർക്കുന്നു.

എന്ന്

സി. എമിലിൻ മ്ലാവിൽ എസ് .എ. ബി.എസ്

*കുറുമുള്ളൂർ മഠത്തിന്റെ അയൽക്കാരും സ്കൂളിലെ കുട്ടികളും സ്റ്റെല്ലാമ്മയെക്കുറിച്ച്—*

**വചനാനുസൃതം ജീവിച്ച സ്റ്റെല്ലാമ്മ** - എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ, ഇടവിടാതെ പ്രാർത്ഥിക്കുവിൻ, എല്ലാക്കാര്യങ്ങളിലും കൃതജ്ഞത പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെക്കുറിച്ചുള്ളഹിതം. (1 തെസ. 5:16–18).

ഇങ്ങനെയുള്ള ഒരു സമർപ്പിതയെ അടുത്തുകാണുന്നത് ദൈവിക സാന്നിദ്ധ്യമായി ജനം തിരിച്ചറിയുന്നു. ദൈവരാജ്യ അനുഭവം തനിക്കും, ചുറ്റുപാടിലേക്കും പരത്തിയ വ്യക്തി, സുവിശേഷം ജീവിച്ചവൾ. പരാതി പറയുന്നില്ല, എന്നു മാത്രമല്ല തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു പറയുന്ന വ്യക്തി, എളിമയുടെ വ്യക്തിത്വം, ഞാൻ പ്രാർത്ഥിക്കാം എന്നു പറയുന്ന പ്രേഷിത.

**1.** വിവാഹം കഴിഞ്ഞ് രണ്ടു ദിവസത്തിനുശേഷം എന്റെ അമ്മായിയമ്മ പറഞ്ഞു. നമ്മുടെ മഠത്തിൽ ഒരു പുണ്യപ്പെട്ട അമ്മ രോഗിയായി കിടക്കുന്നുണ്ട്. അമ്മയെ കണ്ട് അനുഗ്രഹം വാങ്ങിക്കാൻപറഞ്ഞുവിട്ടു. അവിടെ ചെന്നപ്പോൾ ചിരിച്ചുകൊണ്ടു കിടക്കുന്ന ഒരു അമ്മ. അമ്മ എന്നോടു പറഞ്ഞു. എന്നും ദൈവത്തോടു പ്രാർത്ഥിക്കണം. ഭർത്താവിന്റെ അച്ഛനേയും അമ്മയേയും പൊന്നുപോലെ നോക്കണം ദൈവം നിന്നെ അനുഗ്രഹിക്കും. ഞാനും നിന

ക്കുവേണ്ടി പ്രാർത്ഥിക്കാം. ഇത്രയും പറഞ്ഞിട്ട് അമ്മതന്നെ തയ്ച്ച ഒരു കുഷ്യൻകവർ എനിക്കു തന്നുവിട്ടു. അമ്മയുടെ ഈ വാക്കുകൾ ഞാൻ ഇന്നും ഓർമ്മിക്കുന്നു. അച്ഛനോടും അമ്മയോടും സ്നേഹത്തോടെ പെരുമാറുവാനും അവരെ കരുതലോടെ ശുശ്രൂഷിക്കുവാനും എനിക്കു സാധിച്ചു. (കാഞ്ഞിരംനിൽക്കുന്നതിൽ ലക്ഷ്മി) "കട്ടിലിൽ കിടന്നുകൊണ്ടുള്ള അമ്മയുടെ കുടുംബ പ്രേഷിതത്വം"

**2.** ഞാൻ ഇടയ്ക്കിടയ്ക്ക് അമ്മയെ കാണുവാൻ മഠത്തിൽ പോകുമായിരുന്നു. എപ്പോൾ ചെന്നാലും വേദനകൾക്കിടയിൽ സന്തോഷമുള്ള ഒരമ്മയായിട്ടാണ് എനിക്കു കാണാൻ കഴിഞ്ഞിട്ടുള്ളത്. ഒരിക്കൽപോലും പരാതി പറയുന്നതായി കേട്ടിട്ടില്ല. അധികം സംസാരിക്കുന്ന രീതിയും ഇല്ലായിരുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണം എന്നു പറയുമായിരുന്നു. ( മുഖച്ചിറയിൽ മത്തായി ജോസഫ്)

**3.** സ്റ്റെല്ലാമ്മ രോഗിയായി കിടക്കുമ്പോൾ ഞാൻ കുറുമുള്ളൂർ സ്കൂളിൽ പഠിച്ചിരുന്നു. സ്റ്റെല്ലാമ്മയെ ഞാൻ ഓർക്കുന്നത്

വിശുദ്ധിയുള്ള,

സ്നേഹമുള്ള

പ്രസന്നതയോടെ ഇരിക്കുന്ന

ഈശോയെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന,

ഈശോയോടു സംസാരിക്കാൻ പഠിപ്പിക്കുന്ന,

കുട്ടികളായ ഞങ്ങളെ ഒത്തിരി സ്നേഹിക്കുന്ന അമ്മ

Intervel സമയത്ത് അമ്മയുടെ അടുത്തുപോകാൻ കുട്ടികളായ ഞങ്ങൾ തിരക്കുകൂട്ടിയിരുന്നു. അമ്മ കിടക്കുന്ന കട്ടിലിനടുത്തുള്ള ജനാലയുടെ അടുത്തു നിൽക്കുവാൻ മത്സരമായിരുന്നു. കാരണം ചെറിയ ചെറിയ കഥകളിലൂടെ ഈശോയ്ക്ക് നമ്മോടുള്ള സ്നേഹം പറഞ്ഞുതരുമായിരുന്നു.

അമ്മയുടെ കൂജയിൽ ഞങ്ങൾ വെള്ളം കോരി കൊടുത്തിട്ടുണ്ട്. കട്ടിലിൽ എഴുന്നേറ്റിരുന്ന് ബെയ്സിനിൽ തുണികൾ കഴുകുന്നത്

ഞങ്ങൾക്ക് അത്ഭുതമായിരുന്നു. ബെല്ലടിക്കുമ്പോൾ നിങ്ങൾ ഈശോയുടെ പ്രിയ മക്കളായി വളരണം. മറ്റുള്ളവരെ സഹായിക്കണം എന്നു പറഞ്ഞ് ഞങ്ങളെ സ്കൂളിലേക്ക് പറഞ്ഞുവിടുമായിരുന്നു. (എൽസി ജോസഫ്, കൊട്ടിയാനിക്കര, കുറുമുള്ളൂർ)

ദൈവത്തോടും മനുഷ്യരോടും ബന്ധിപ്പിക്കേണ്ട സഭയുടെ കാരിസം അമ്മ വ്യക്തമാക്കുകയായിരുന്നു.

**4.** നീണ്ടൂർ കുളങ്ങരയിൽ ചാക്കോയുടെ മകൾ മിനി ചാക്കോ പ്രീഡിഗ്രിക്ക് പഠിച്ചുകൊണ്ടിരുന്നപ്പോൾ ഇനി പഠിക്കുവാൻ കഴിയുകയില്ല , തന്നെയുമല്ല കയ്യിൽ ഒരു മുഴ ഉണ്ടായിരുന്നത് ഓപ്പറേഷൻ ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞതിനാലും അവൾ മനഃപ്രയാസപ്പെട്ട് കഴിയുകയായിരുന്നു. ആ അവസരത്തിൽ അവൾ സ്റ്റെല്ലാമ്മയെപ്പറ്റി കേട്ടു. ഒരിക്കലും സ്റ്റെല്ലാമ്മയെ കണ്ടിട്ടില്ലായിരുന്ന അവൾ സ്റ്റെല്ലാമ്മയോട് പ്രാർത്ഥിച്ചു. അന്നുരാത്രി മോൾ പ്രീഡിഗ്രിക്ക് പഠിച്ചുകൊള്ളുക, പാസാകും എന്ന് സിസ്റ്റർ പറയുന്നതായി അവൾ സ്വപ്നത്തിൽ കണ്ടു. രാവിലെ എഴുന്നേറ്റപ്പോൾ കയ്യിലെ മുഴയും അപ്രത്യക്ഷമായി. പിറ്റേദിവസം അവൾ അമ്മയോടൊപ്പം കുറുമുള്ളൂരു വന്ന് സ്റ്റെല്ലാമ്മയുടെ ഫോട്ടോ കാണണമെന്ന് സി. ജോർജിയായോട് ആവശ്യപ്പെട്ടു. ഫോട്ടോ കണ്ടപ്പോൾ ഈ സിസ്റ്ററിനെതന്നെയാണ് ഞാൻ സ്വപ്നത്തിൽ കണ്ടതെന്ന് അവൾ പറഞ്ഞ്, സി. സ്റ്റെല്ലായുടെ ഒരു ഫോട്ടോയും വാങ്ങിച്ചുകൊണ്ടുപോയി. അന്നുതന്നെ അവളുടെ അമ്മയോടൊപ്പം ഏറ്റുമാനൂര് കോളേജിൽ ചേർന്നു. നേഴ്സിംഗ് പാസ്സായി ഇപ്പോൾ ജോലി ചെയ്യുന്നു. (മിനി ചാക്കോ കുളങ്ങരയിൽ).

**5.** കുഴിയമ്പറമ്പിലെ കുര്യന്റെ ഭാര്യയ്ക്ക് സുഖമില്ലാതിരിക്കുകയായിരുന്നു. ആ അവസരത്തിൽ സ്റ്റെല്ലാമ്മ വന്ന് അമ്മാമ്മയെ ആശ്വസിപ്പിക്കുന്നതായി സ്വപ്നം കണ്ടു. അമ്മാമ്മ എന്നും പള്ളിയിൽപോയി എന്റെ കബറിടത്തിൽ പ്രാർത്ഥിക്കണം. ധൈര്യമായി പൊയ്ക്കൊള്ളുക. അമ്മാമ്മയുടെ എല്ലാ അസുഖങ്ങളും മാറും എന്നും പറഞ്ഞു. അമ്മാമ്മയ്ക്ക് സൗഖ്യം ലഭിച്ചു.

കുറുമുള്ളൂർ കുറ്റിവളച്ചേൽ മിനി

6. ഞാൻ സ്റ്റെല്ലാമ്മയുടെ പടംവെച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അമ്മയുടെ കണ്ണ് ജീവനുള്ളതുപോലെ ചലിക്കുന്നതായി കണ്ടു. പലപ്രാവശ്യം ഈ കാഴ്ചകണ്ടു. ഇതിൽനിന്നും സ്റ്റെല്ലാമ്മ സ്വർഗ്ഗത്തിൽപോയി എന്നു വിശ്വസിക്കുകയും കുറുമുള്ളൂർ പള്ളിയിൽവന്ന് സ്റ്റെല്ലാമ്മയ്ക്കുവേണ്ടി ഒരു കുർബാനയും 9 ഒപ്പീസും നടത്തി. സ്റ്റെല്ലാമ്മ താമസിച്ചിരുന്ന മുറി കാണുകയും ചെയ്തു.

ഏറ്റുമാനൂർ മുകളേൽ തമ്പി

7. സ്റ്റെല്ലാമ്മയുടെ ചേച്ചിയുടെ മകൾ അന്നക്കുട്ടി കൈവേദനയാൽ വല്ലാതെ ബുദ്ധിമുട്ടി ഒരു പാത്രംപോലും എടുക്കാൻ പറ്റാത്ത അവസ്ഥ. ഓപ്പറേഷൻ വേണമെന്ന് ഡോക്ടർ നിർദ്ദേശിച്ചു. എന്നാൽ വിശ്വാസത്തോടെ സ്റ്റെല്ലാമ്മയോട് പ്രാർത്ഥിച്ചു. അടുത്ത ദിവസങ്ങളിൽ തന്നെ ഓപ്പറേഷൻ കൂടാതെ കൈ പൂർണ്ണമായും സുഖപ്പെട്ടു. (അന്നക്കുട്ടി വാഴകാട്ട്, ഉഴവൂർ)

**8.** 1990 കൈപ്പുഴ എച്ച്.ഡി.പി. ഹോസ്പിറ്റലിൽ ഞാൻ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന നാളിൽ ഒരു രോഗിക്ക് പെൻസിലിൻ ഇൻജക്ഷൻ കൊടുത്തു. ഉടനെ തന്നെ Reaction ഉണ്ടായി. രോഗി ബോധംകെട്ടു വീണു. എല്ലാവരും ഭയപ്പെട്ടുപോയി. സ്റ്റെല്ലാമ്മയെ വിളിച്ച് വിശ്വാസത്തോടെ ഞാൻ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചു. നിലത്ത് ബോധംകെട്ടുവീണ രോഗി പെട്ടെന്നുതന്നെ എഴുന്നേറ്റിരുന്നു. സ്റ്റെല്ലാമ്മയുടെ മാദ്ധ്യസ്ഥ്യം മൂലമാണ് രോഗി സുഖം പ്രാപിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. (സി. മേഴ്സിൻ എസ്.ജെ.സി.)

**9.** 1979-1980 കാലഘട്ടത്തിൽ കുറുമുള്ളൂർ ബാലികാഭവനിൽ താമസിച്ച് 6-ാം ക്ലാസ്സിൽ പഠിച്ചപ്പോൾ സ്റ്റെല്ലാമ്മയുടെ മുറി വൃത്തിയാക്കാൻ പോകുമായിരുന്നു. ഇന്നലെ അടിച്ച മുറിയിൽ ഇന്നും പൊടിവന്നു. നമ്മുടെ ആത്മാവിലും പിശാച് ഇതുപോലെ പാപത്തിന്റെ പൊടിവിതറും. അതുകൊണ്ട് എപ്പോഴും ശ്രദ്ധയുള്ളവളായിരിക്കണം. എന്ന് അമ്മ എനിക്കു പറഞ്ഞു തന്നു. അമ്മയുടെ അടുത്ത് ആരും ഇല്ലാതിരുന്ന സമയത്ത് ജനാലയുടെ അടുക്കൽ

ഒരു കള്ളൻ വന്നു നിന്നു. ഈശോ എന്നു വിളിച്ച് കുരിശെടുത്തു കാണിച്ചപ്പോൾ അവൻ ഓടിപ്പോയി. എന്ന് അമ്മ എന്നോടു പറഞ്ഞു.

എപ്പോഴും പുഞ്ചിരിക്കുന്ന സ്റ്റെല്ലാമ്മയുടെ മുഖവും ഒരു ചെറിയ സഹായം ചെയ്യുമ്പോഴും കൈകൂപ്പി നന്ദിപറയുന്നതും എന്റെ മനസ്സിൽ നിന്നും മാഞ്ഞുപോകുന്നില്ല. ചെറിയ പാട്ടുകൾ എനിക്ക് എഴുതി തരികയും, സുകൃതജപങ്ങൾ ചൊല്ലി തന്ന് പഠിപ്പിച്ചിരുന്നു. ജപമാലയിൽ എണ്ണിക്കൊണ്ട് എന്നെ ഒരു വിശുദ്ധയാക്കണമേ എന്ന് ചൊല്ലുമായിരുന്നു.

ലൂസി മാണി, സെന്റ് തോമസ് ബാലികാഭവൻ,കുറുമുള്ളൂർ
(സി. ദിവ്യ എസ്.ജെ.സി.)

**10.** സ്റ്റെല്ലാമ്മയുടെ രണ്ടാമത്തെ ചേച്ചിയുടെ കൂട്ടുകാരിക്ക് തോളെല്ലിന് സഹിക്കാൻ വയ്യാത്ത വേദനയായി ആശുപത്രിയിൽ കാണിച്ചപ്പോൾ ഓപ്പറേഷൻ ചെയ്തേ പറ്റൂ എന്ന് എല്ലാ ഡോക്ടേഴ്സും പറഞ്ഞു. അവർ സ്റ്റെല്ലാമ്മയോട് നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി ഓപ്പറേഷൻ ഇല്ലാതെതന്നെ വേദന മാറിയതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

**11.** സ്റ്റെല്ലാമ്മയുടെ തന്നെ മൂത്ത ചേച്ചിയുടെ മകൾക്ക് സോറിയാസിസ് മൂലം ശരീരം മുഴുവൻ വ്രണമായി കാണപ്പെട്ടു. സ്റ്റെല്ലാമ്മയോട് പ്രാർത്ഥിച്ചതിന്റെ ഫലമായി പൂർണ്ണസുഖം പ്രാപിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

**12.** എസ്.ജെ. സി. യിലെ ഒരംഗമായ എനിക്ക് (സി. ജോസി) ലഭിച്ച ഒരനുഗ്രഹം താഴെ ചേർക്കുന്നു. "എനിക്ക് പൊടിപടലങ്ങൾ എപ്പോഴും അലർജിയായിരുന്നു. കഴിവതും പുസ്തകങ്ങളുടെ പൊടി അടിക്കാതെ ശ്രദ്ധിച്ചിരുന്നു. ഇങ്ങനെയിരിക്കുമ്പോഴാണ് സ്റ്റെല്ലാമ്മയുടെ ചരിത്രം എഴുതുവാൻ ബഹു. മദർ ആവശ്യപ്പെട്ടത്. എഴുതേണ്ടി വന്നപ്പോൾ പഴയ രേഖകൾ പലതും എടുത്തു നോക്കേണ്ടി വന്നു. പ്രസ്തുത രേഖകൾ പരിശോധിച്ചപ്പോൾ ശരീരം മുഴുവൻ ചൊറിഞ്ഞു തടിക്കുവാൻ തുടങ്ങി. കോട്ടയം ജില്ലാ ആശു

പത്രിയിൽ പോയി സ്കിൻ ഡോക്ടറെ കണ്ട് മരുന്നു വാങ്ങി. എന്നിട്ടും കുറവു കാണാത്തതിനാൽ ഏറ്റുമാനൂരുള്ള ഒരു സ്കിൻ ഡോക്ടറുടെ വീട്ടിൽപോയി കാണിച്ചു. മരുന്ന് കഴിക്കുമ്പോൾ കുറയുകയും നിർത്തുമ്പോൾ വീണ്ടും ചൊറിച്ചിൽ ആരംഭിക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ സ്റ്റെല്ലാമ്മയുടെ പുസ്തകം എഴുതുന്നതിനാൽ എന്റെ ചൊറിച്ചിൽ മാറ്റിത്തരണമേ എന്നു വിശ്വസിച്ചു പ്രാർത്ഥിച്ചു. എന്തായാലും തുടർന്ന് മരുന്ന് ഉപയോഗിക്കാതെതന്നെ എന്റെ രോഗം മാറുകയും പുസ്തക രചനയ്ക്കാവശ്യമായ പഴയ രേഖകൾ പരിശോധിക്കുവാൻ സാധിക്കുകയും ചെയ്തു. ഇപ്പോൾ എനിക്ക് തുടർച്ചയായിട്ടുള്ള ജലദോഷം മാറിയിട്ടില്ലെങ്കിലും ചൊറിച്ചിൽ നിശ്ശേഷം മാറി. തീർച്ചയായും സ്റ്റെല്ലാമ്മയുടെ മാദ്ധ്യസ്ഥ്യശക്തിയെ ഞാനിവിടെ കാണുന്നു എനിക്കുവേണ്ടി ദൈവസന്നിധിയിൽ സ്റ്റെല്ലാമ്മ മാദ്ധ്യസ്ഥ്യം വഹിച്ച് പ്രാർത്ഥിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

## സഹനപുഷ്പം (കവിത)

യേശുവിൻ പ്രിയമാതാവാം മറിയത്തിൻ തിരുനാമംപേറി
തിരുനാഥന്നേശുമിശിഹായെ പ്രിയ മണവാളനായ് കരുതീട്ട്
കന്യകയായിതന്നെ കഴിഞ്ഞ്, നിത്യ കന്യാസ്ത്രീയായ് ജീവിതകാലം
പ്രാർത്ഥന, ധ്യാനമതെന്നിവയിൽ നിത്യം നിത്യം വ്യാപൃതയായ്,
ത്യാഗം, സ്നേഹം, സേവാ സഹനമതെന്നിവയോടെ മുന്നേറി,
യേശുവിൻ തിരുവചനാനുസ്യൃതം സുകൃതിയിലിഹത്തിൽ
ദുരിതമതേറെ യേശൂനെപ്രതി സഹിച്ചോണ്ടും,
പുണ്യപ്പെട്ടവയാകും സുകൃതം മാലോകർക്കായേകീട്ടായ്,
അമ്പത്തിരണ്ടതുവർഷം ഈ ഭൂവിലതായ് സഹനംപേറി വസിച്ചോണ്ട്,
അൽഫോൻസാമ്മെപ്പോലെ, ജീവിതകാലം വേദനകൾ
രക്ഷകനേശുവെപ്രതി തിന്ന്, ദൈവപിതാവിൻ സ്വർഗ്ഗമഹത്വം വന്നുവസിച്ച്,
ഇഹത്തിൽ പുണ്യവതീന്നൊരു നാമം, തിരുസഭയേകി കനിഞ്ഞീടാൻ,
'സിസ്റ്റർ സ്റ്റെല്ലാ' യെ തിരു രക്ഷകനായോൻ മിശിഹാനാഥൻ
കൃപയേകിത്തുണചെയ്തീടാൻ, പ്രാർത്ഥിച്ചീടാം, ഇവിടുള്ളവരീമക്കളിവർ!
യേശുവിൻ തിരുസന്നിധീലെത്തിട്ടിനിയും നീണാൾ, അത്ഭുതമേറെയേകീടാൻ,

കോട്ടയം അതിരൂപതയിൽപ്പെട്ടൊരു 'എസ്.ജെ.സി.' ക്കൊരു മണിമുത്തായ്
ദൈവമഹത്വം നിറഞ്ഞോളായി, ലോകം മുഴുവൻ വണങ്ങീടുമ്പോൾ,
വിശുദ്ധ അൽഫോൻസാമ്മെ വണങ്ങി കുമ്പിടുവാൻ ഭരണങ്ങാനം ഖബറതിങ്കൽ
ഭക്തരതായോർ കൂടുമ്പോൽ, കുറുമുള്ളൂരിൽ നീ ശയിക്കും ഖബറതിങ്കൽ എത്തുമ്പോൾ
ഒപ്പം ഞങ്ങൾ സർവ്വർക്കായും, സിസ്റ്റർ സ്റ്റെല്ലായേ, നീ പ്രാർത്ഥിച്ചീടണമേ!
നിത്യം നിത്യം നീ, രക്ഷകനായോനേശൂന്നോടായി പ്രാർത്ഥിച്ചീടണമേ! ആമ്മേൻ!

Praise the Lord!
Alleluiya, Alleluiya, Alleluiya

വൈദ്യർ കൈപ്പുഴ,
25 - 12 - 2019



**ഞങ്ങളുടെ ജ്യേഷ്ഠസഹോദരിയായ സ്റ്റെല്ലാമ്മേ, തിരുവചനത്തിൽ ഞങ്ങൾ വായിക്കുന്നതുപോലെ (പ്രഭാ.50:6) മേഘങ്ങൾക്കിടയിൽ പ്രഭാതതാരംപോലെ നീ ത്രീത്വസമക്ഷം മിന്നിത്തിളങ്ങുന്നു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഉത്സവവേളയിൽ പൂർണ്ണ ചന്ദ്രൻ ഉദിക്കുന്നതുപോലെ സ്വർഗ്ഗീയവസതിയിൽ നീയും ഉദിച്ചുയരുമെന്നും അത്യുന്നതനോടൊത്ത് തേജോമയിയായി കാണപ്പെടുമെന്നും പ്രത്യാശിക്കുന്നു. വാനമേഘങ്ങളിൽ കാണപ്പെടുന്ന മഴവില്ലിന്റെ സപ്തനിറങ്ങളാൽ നീയും പ്രശോഭിത എന്നു ഞങ്ങൾ കരുതുന്നു. നീർച്ചാലിനരികെ നിൽക്കുന്ന ലില്ലിപോലെ നീയും സ്വർഗ്ഗീയവസതിയിൽ ഒരു ലില്ലിപ്പൂ എന്നു ഞങ്ങൾ കരുതട്ടെ. കായ്ച്ചു നിൽക്കുന്ന ഒലിവുപോലെ നീ തിരുസഭയിൽ പുണ്യഫലങ്ങൾ കൊണ്ടും മാദ്ധ്യസ്ഥശക്തികൊണ്ടും വിളങ്ങി പ്രകാശിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മേഘത്തെ ഉരുമ്മുന്ന ദേവദാരുപോലെ നീ പുണ്യത്താൽ സുഗന്ധപൂരിതയാകട്ടെ എന്നു ഞങ്ങൾ ആശംസിക്കുന്നു. അതേ, സ്റ്റെല്ലാമ്മേ, 'താരക' എന്ന നിന്റെ പേര് അർത്ഥപൂർണ്ണമാക്കി, തിരുസഭയിൽ വണക്കത്തിനു യോഗ്യയായിത്തീരട്ടെ എന്നു നിന്റെ ഇളം തലമുറ ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നു.**


മറിയം പറഞ്ഞു: ഇതാ കർത്താവിന്റെ ദാസി!
നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ ( Lk. 1/ 38)




സ്റ്റെല്ലാമ്മയുടെ ഭൗതിക ശരീരം

അടക്കം ചെയ്ത കല്ലറ


ST. JOSEPH'S CONGREGATION,
KOTTAYAM